# GOHSS EDATHANATTUKARA

**VATTAMANNAPURAM POST ,PALAKKAD DIST**

# ACTIVITY REPORT 2019-2022

# സ്കൂളിന്റെ സാമൂഹിക ഇടപെടലുകൾ

1.ഭിന്നശേഷിക്കാർക്ക് ആകാശയാത്ര

2.HAND WASH DISH WASH & FLOOR CLEANER MAKING

3.സ്നേഹഭവനം

4.കാടിന്റെ മക്കൾക്കൊരു പുസ്തകത്തണൽ

5.ഫുഡ് ചലഞ്ചിലൂടൊരു കാരുണ്യഹസ്തം

6.CLEAN THE BEAUTY SPOTS OF EDATHANATTUKARA

7.കൊയ്ത്തുൽസവം

8.CASE FILE MAKING FOR PALLIATIVE CARE SOCIETY

9.Palliative Day Care

10.ഉപജീവനത്തിനായൊരു സ്നേഹസമ്മാനം

11.DATA CHALLENGE

12.പൾസ് ഓക്സിമീറ്റർ ,പി പി ഇ കിറ്റ് വിതരണം

13.പുട്ടും കട്ടനും - ഫുഡ് ഫെസ്റ്റ്

14.സീഡ് ബാൾ നിർമ്മാണം

15.ജനകീയ തടയണ നിർമ്മാണം

16.ജീവാമൃതം

17.പെൺകരുത്ത് വനിതാ സംഗമം

18.പുഴയോരം ജല സംരക്ഷണ സദസ്സ്

19.രക്തദാന ക്യാമ്പ്

20.സഹപാഠിക്കൊരെഴുത്തു് പുസ്തകം.

21.ചൂൽ നിർമ്മാണം - സ്ക്രാപ്പ് ചലഞ്ച്

ഗൃഹനിർമ്മാണ സഹായം

22.സ്നേഹപ്പുടവ

23.സ്നേഹസ്പർശം

24.കൈത്താങ്ങ് ആട് വിതരണം.

25. മാസ്ക് നിർമ്മാണം

26. ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലും വിതരണവും

27.സാന്ത്വനത്തിന് ഞങ്ങളുണ്ട് കൂടെ

28.ജനകീയ രക്തദാനം

29.എന്റെ വീട്ടിലും കൃഷി തോട്ടം

30.ലഹരിക്കെതിരെ നാട് പ്രതികരിക്കുന്നു

31.പഠനോപകരണ വിതരണം

32.ഭക്ഷ്യകിറ്റ് വിതരണം

33.മൂന്ന് കുടുംബത്തെ ദത്തെടുത്ത് നല്ലപാഠം യൂണിറ്റ്

34.മാസ്ക് നിർമ്മാണവും **covid 19** പ്രതിരോധ പ്രചരണവും.

35.SPC & Little kitesActivities (Attatched in the last part of this Document

# ഭിന്നശേഷിക്കാർക്ക് ആകാശയാത്ര

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക PART 1**

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക PART 2**

ഭിന്നശേഷിക്കാരായ കുട്ടികളുടെ സമഗ്രവികസനം അടയാളപ്പെടുത്തിക്കൊണ്ട് പ്രത്യേക വികസന പദ്ധതികൾ തയ്യാറാക്കി വിദ്യാലയത്തിൽ ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഭിന്നശേഷി വിദ്യാർഥികൾക്ക് വിമാന യാത്ര ഒരുക്കി.

2019-20 അധ്യയന വർഷത്തിലെ വികസന പദ്ധതികളിൽ ഒന്നായിരുന്ന സ്വപ്ന പദ്ധതിയായ വിമാനയാത്ര. മുൻ വർഷത്തെ ഒരു പരിഹാര ബോധന ക്ലാസിൽ ഗതാഗത മാർഗ്ഗങ്ങളെക്കുറിച്ചുള്ള പഠന വേളയിൽ കുട്ടികളുടെ പങ്കുവെക്കലുകളാണ് യാത്രക്ക് അടിസ്ഥാനം.കടൽ കാണാത്തവർ, തീവണ്ടിയിൽ യാത്ര ചെയ്യാത്തവർ, വിമാനത്തിൽ പിന്നെ നമ്മൾ കയറുകയുമില്ലല്ലോ എന്ന നെടുവീർപ്പോടെയുള്ള കുട്ടികളുടെ സംസാര ശകലങ്ങൾ എന്നിവയാണ് ഇങ്ങനൊരു യാത്രയെക്കുറിച്ച് ചിന്തിക്കാനിടയായത്. വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നതോടൊപ്പം കര ജല വ്യോമ ഗതാഗത ഉപാധികൾ ഒരേ സമയം അനുഭവവേദ്യമാകുന്ന നേരനുഭവം ഈ യാത്രയുടെ പ്രത്യേക തയായിരുന്നു. ജീവ പ്രവാസി കൂട്ടായ്മയുടെയും പി ടി എ, അധ്യാപകർ, നാട്ടിലെ നല്ല വ്യക്തിത്വങ്ങൾ അടക്കമുള്ള നിരവധി സുമനസ്സുകളുടെ സാമ്പത്തിക പിന്തുണ യോടെ 28 കുട്ടികളും രക്ഷിതാക്കളുടെ പ്രതിനിധികളും അധ്യാപകരും യാത്ര യുടെ ഭാഗമായി. കൊച്ചി മുതൽ തിരുവനന്തപുരം വരെയുള്ള യാത്രക്ക് പ്രധാനാധ്യാപകൻ എൻ അബ്ദുന്നാസർ,പി.ടി.എ എക്സിക്യൂട്ടീവ് അംഗം പി. അഹമ്മദ് സുബൈർ, അധ്യാപകരായ ഒ. മുഹമ്മദ് അൻവർ, എസ്. ഉണ്ണികൃഷ്ണൻ, എം.കെ. ഇഖ്ബാൽ, പി. ദിലീപ്, സി.ജി. വിപിൻ, പി. ദിവ്യ,ടി കെ സുനിത കെ ടി സക്കീന കബീർ തുടങ്ങിയവർ നേതൃത്വം നൽകി.


ഭിന്നശേഷിക്കാരായ
28
കുട്ടികളുമായൊരു
അപൂർവ്വ
യാത്ര
ഭാഗം 1
ROUTE
RECORDS


SAPPHIRE





# HAND WASH DISH WASH & FLOOR CLEANER MAKING

കൊറോണ വ്യാപനത്തെ തടയുന്നതിന് വേണ്ടി എൻ എസ് എസ് വോളണ്ടിയർമാർ സ്കൂളിൽ വച്ച് 1200 ബോട്ടിൽ ഹാൻഡ് വാഷ് നിർമിച്ചു,പൊതു സ്ഥാപനങ്ങളിലേക്ക് ആവശ്യമായ എണ്ണം സൗജന്യമായി നൽകി.വീടുകളിൽ ഉപയോഗിക്കുന്നതിനായി ഡിഷ് വാഷും ഫ്ലോർ ക്ളീനറും നിർമ്മിച്ചു.ഇവ വിപണനം ചെയ്യതിലൂടെ 55000 രൂപ ലാഭമായി ലഭിച്ചു.

- **ഈ തുകയിൽ നിന്നും 10000 രൂപ എൻ എസ് എസ് ന്റെ ജില്ലാ ഭവന നിർമ്മാണത്തിലേക്ക് നൽകി.**
- **13000 രൂപ ഉപയോഗിച്ച് നിർധനയായ ഒരു വിദ്യാർത്ഥിയുടെ അടച്ചുറപ്പില്ലാത്ത വീടിന് ആവശ്യമായ വാതുലുകളും ജനൽ പാളികളും വച്ച് നൽകി.**
- **പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 15000 രൂപ സംഭാവന നൽകി.**

Hand wash,Dish Wash & Floor Cleaner making **വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**




Government of Kerala
Directorate of Higher Secondary Education
SERVICE SCHEME







പാലിയേറ്റീവ് കെയർ സൊസൈറ്റി ക്ക് 15000 രൂപ സംഭാവന നൽകുന്നു.



എൻ എസ് എസ് ജില്ലാ സ്നേഹഭവനം നിമ്മാണത്തിലെ ക്ക് 10000 രൂപ സംഭാവന നൽകുന്നു.

# സ്നേഹ ഭവനം

എടത്തനാട്ടുകര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ സ്നേഹ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി സ്കൂളിലെ തന്നെ യു പി വിഭാഗത്തിൽ പഠിക്കുന്ന ഒരു നിർധന വിദ്യാർത്ഥിക്കാണ് വീട് വെച്ച് നൽകാൻ തീരുമാനിച്ചത്

അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും സ്കൂളിലെ തന്നെ എൻഎസ്എസ് എസ് പി സി എന്നീ വിവിധ യൂണിറ്റുകളിൽ നിന്നും ജനങ്ങളിൽ നിന്നുമെല്ലാം ഇതിനുള്ള സാമ്പത്തികസഹാസഹായം ലഭിച്ചു ധനശേഖരണാർത്ഥം സമ്മാനക്കൂപ്പൺ ചാലഞ്ച് ബിരിയാണി ചലഞ്ച് എന്നിവയും യൂണിറ്റിനു കീഴിൽ സംഘടിപ്പിക്കുകയുണ്ടായി

**വീഡിയോ കാണുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യുക**



സ്കൗട്ട്സ് ആന്റ് ഗൈഡ്സ് വിദ്യാർത്ഥിക്കായി നിർമ്മിക്കുന്ന സ്നേഹഭവനത്തിന്റെ തറക്കല്ലിടൽ എം.എൽ.എ ഷംസുദ്ദീൻ നിർവഹിക്കുന്നു

## സ്കൗട്ട്സ് ആന്റ് ഗൈഡ്സ് സ്നേഹഭവനത്തിന് തറക്കല്ലിട്ടു

എടത്തനാട്ടുകര: സ്കൗട്ട്സ് ആന്റ് ഗൈഡ്സ് മണ്ണാർക്കാട് ലോക്കൽ അസോസിയേഷന്റെ കീഴിൽ എടത്തനാട്ടുകര ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥിക്കായി നിർമ്മിക്കുന്ന സ്നേഹഭവനത്തിന് തറക്കല്ലിട്ടു. സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ വിഷൻ 2021 -26 പദ്ധതിയുടെ ഭാഗമായി മണ്ണാർക്കാട് ലോക്കൽ അസോസിയേഷന്റെ കീഴിൽ രണ്ട് സ്നേഹഭവനങ്ങൾ നിർമ്മിക്കുന്നു.

പടിക്കപ്പാടത്ത് നടന്ന ചടങ്ങിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ജില്ലാ പ്രസിഡന്റ് അഡ്വ.എൻ. ഷംസുദ്ദീൻ എം.എൽ.എ തറക്കല്ലിടൽ നിർവ്വഹിച്ചു. അലനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുള്ളത്ത് ലത അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഷാനവാസ് മാസ്റ്റർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ മഠത്തൊടി അലി, ബഷീർ പടുകുണ്ടിൽ, പി.ടി.എ പ്രസിഡന്റ് ഫിറോസ് , പ്രിൻസിപ്പാൾ എസ്.പ്രതിഭ, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ജില്ലാ സെക്രട്ടറി നസീർ തൊട്ടര, ഡിസ്ട്രിക്ട് ഓർഗനൈസിംഗ് കമ്മീഷണർ ചന്ദ്രമോഹനൻ, ലോക്കൽ അസോസിയേഷൻ സെക്രട്ടറി വിജയരാജൻ, സ്കൗട്ട് മാസ്റ്റർമാരായ മുഹമ്മദ് അൻവർ , ഒ.സിദ്ദീഖ് കെ.ടി, ബഷീർ ചാലിയൻ,സുബൈർ പാറോക്കോട്ട്, മുഫീദ എന്നു ,ഷമീം കരുവള്ളി എന്നിവർ സംസാരിച്ചു.

# കാടിന്റെ മക്കൾക്കൊരു പുസ്തകത്തണൽ

കൊറോണ വ്യാപനം മൂലം സ്കൂൾ അടച്ചിട്ടിരിക്കുന്ന കാലത്ത് പൊൻപാറ കാട്ടുനായ്ക്കർ ആദിവാസി കോളനി സന്ദർശിച്ച് അവിടെ ലൈബ്രറി തയ്യാറാക്കുന്നതിലേക്കായി **5000 രൂപയുടെ പുസ്തകങ്ങൾ** കൈമാറി.

## വീഡിയോ കാണാൻ ഇതിൽ ക്ലിക്ക് ചെയ്യുക



# ഫുഡ് ചലഞ്ചിലൂടൊരു കാരുണ്യഹസ്തം

എടത്തനാട്ടുകര പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങാവുന്നതിനും എൻ എസ് എസ് യൂണിറ്റിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള ധന സമാഹരണത്തിനുമായി വോളണ്ടിയർമാർ ചിക്കൻ മന്തി ഫെസ്റ്റ് സംഘടിപ്പിച്ചു. **1900 പാക്കുകൾ 100 രൂപ തോതിൽ വിറ്റഴിച്ചു** .ഇതിലൂടെ **83000 രൂപ** ലാഭമായി കിട്ടി.ഇതിൽ 50000 രൂപ പാലിയേറ്റീവ് കെയറിന് കൈമാറി.**33000 രൂപ** എൻ എസ് എസ് പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**







# CLEAN THE BEAUTY SPOTS OF EDATHANATTUKARA

കോവിഡ്കാലത്ത് സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളായി മാറിയ സൈലന്റ്വാലി ബഫർസോണിലുള്ള ഇടമല വട്ടമല ആനപ്പാറ കപ്പി വെള്ളച്ചാട്ടപ്പാറ എന്നീ സ്ഥലങ്ങളിലെ പ്ലാസ്റ്റിക ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പല ദിവസങ്ങളിയായി നീക്കം ചെയ്തു ബോധവൽക്കരണ ബോർഡുകൾ സ്ഥാപിച്ചു.പദ്ധതിയുടെഉദ്ഘാടനം ബഹു.മണ്ണാർക്കാട് എം എൽ എ അഡ്വ.എൻ ഷംസുദ്ധീൻ നിർവഹിച്ചു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക** VIDEO 1
**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക** VIDEO 2



'ക്ലീൻ ദ ബ്യൂട്ടി സ്പോട്ട്സ് ഓഫ് എടത്തനാട്ടുകര' കാമ്പയിനുമായി എൻ.എസ്.എസ്



# കൊയ്ത്തുൽസവം

അലനല്ലൂർ സർവീസ് സഹകരണ ബാങ്കിന്റെയും കർഷക സേവന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ജിഎച്ച്എസ്എസ് എടത്തനാട്ടുകര സ്കൗട്ട് ആൻഡ് ഗൈഡ്സിന്റെ കീഴിൽ കൊയ്ത്തുത്സവം സംഘടിപ്പിച്ചു ചുണ്ടയിൽ ശേഖരം അലനല്ലൂരിൽ വച്ച് നടന്ന പരിപാടി മുള്ളത്ത് ലത ഉദ്ഘാടനം നിർവഹിച്ചു

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**



# CASE FILE MAKING FOR PALLIATIVE CARE SOCIETY

എടത്തനാട്ടുകര പാലിയേറ്റീവ് കെയർ സൊസൈറ്റി യിലെ രോഗികളുടെ വിവരങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ കേസ് ഫയലുകൾ കഴിഞ്ഞ അഞ്ച് വർഷമായി നിർമ്മിച്ചുനൽകുന്നത് സ്കൂളിലെ എൻ എസ് എസ് വോളണ്ടിയർമാരാണ്.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക** VIDEO 1
**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക** VIDEO 2







# Palliative Day Care

ജിഎച്ച്എസ്എസ് എടത്തനാട്ടുകരയിലെ സ്കൗട്ട് ആൻഡ് ഗൈഡ് വിദ്യാർത്ഥികൾ പാലിയേറ്റീവ് പ്രവർത്തകരോടൊപ്പം ചെന്ന് രോഗികളെ പരിചരിച്ചു ഇതുവഴി വിദ്യാർഥികളിൽ ഒരു സഹായ മനോഭാവം ഉണ്ടാക്കിയെടുക്കാൻ സാധിച്ചു വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന രോഗികളുടെ പ്രയാസങ്ങൾ നേരിട്ടറിയാനും സാധിച്ചു.

**(കിടപ്പ് രോഗി പരിചരണ വീഡിയോ എടുക്കുവാൻ അനുവദിക്കുന്നതല്ല )**



# ഉപജീവനത്തിനായൊരു സ്നേഹസമ്മാനം

2019 വർഷത്തിൽ ഒരു കുടുംബത്തിന് ആടിനെയും 2021, 2022 വർഷങ്ങളിൽ നിർധനരായ രണ്ടു കുടുംബങ്ങൾക്ക് തയ്യൽ മെഷീനുകളും ഉപജീവനത്തിനായി വിതരണം ചെയ്തു.



# DATA CHALLENGE

കോവിഡ് കാലത്ത് നിർധനരായ കുട്ടികളുടെ ഓൺലൈൻ പഠനത്തിനായി 15 കുട്ടികൾക്ക് ഡാറ്റ റീചാർജ് ചെയ്യുന്നതിനുള്ള തുക DATA CHALLENGE ലൂടെ എൻ എസ് എസ് വോളണ്ടിയർമാർ സമാഹരിച്ച് നൽകി.



# പൾസ് ഓക്സിമീറ്റർ ,പി പി ഇ കിറ്റ് വിതരണം

കോവിഡ് പ്രധിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അലനല്ലൂർ ഗ്രാമപഞ്ചായത്തിന് എൻ എസ് എസ് യൂണിറ്റ് **6 പൾസ ഓക്സിമീറ്ററുകളും 10 പി പി ഇ കിറ്റുകളും നൽകി.** സ്കൂളിന്റെ സമീപപ്രദേശത്തുള്ള കോവിഡ് രോഗികൾക്ക് ഓക്സിജൻ ലെവൽ പരിശോധിക്കുന്നതിനായി യൂണിറ്റിൽ പൾസ് ഓക്സിമീറ്റർ ലഭ്യമാക്കി. വോളന്റിയർമാർ നിർധനരായ വീട്ടുകാർക്ക് സാനിറ്റൈസർ കൈമാറി.



# പുട്ടും കട്ടനും - ഫുഡ് ഫെസ്റ്റ്

സ്കൂൾ കലോത്സവത്തിനോടനുബന്ധിച്ച് എൻ എസ് എസ് യൂണിറ്റ് സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റിലൂടെ സമാഹരിച്ച ലാഭമായ **15000 രൂപയിൽ** നിന്നും **10000 (പതിനായിരം)** രൂപ എടത്തനാട്ടുകരക്കുവേണ്ടി വാങ്ങുന്ന **ആംബുലൻസ് ന് വേണ്ടി** സംഭാവന ചെയ്തു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**









# സീഡ് ബാൾ നിർമ്മാണം

എൻ എസ് എസ് വോളണ്ടിയർമാർ 1500 വിത്ത്പന്തുകൾ നിർമ്മിക്കുകയും പരിസ്ഥിതിദിനത്തിൽ അവ വിതരണം ചെയ്യുകയും ചെയ്തു.

വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക VIDEO 1

വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക VIDEO 2









# ജനകീയ തടയണ നിർമ്മാണം

ജലസംരക്ഷണത്തിന്റെ ഭാഗമായി സ്കൗട്ട് ആൻഡ് ഗൈഡ്സ് മുണ്ടക്കുന്ന് വെള്ളിയാർ പുഴയിൽ തടയണ നിർമ്മിച്ചു ജനുവരി 31ന് രാവിലെ 7 30ന് സ്കൂളിൽ നിന്നും സ്കൗട്ട് ആൻഡ് ഗൈഡ് സംഘം തീരത്തേക്ക് പുറപ്പെട്ടു. എട്ടുമണിയോടുകൂടി തടയണ ജനകീയ കൂട്ടായ്മയുടെ സഹകരണത്തോടുകൂടി ആരംഭിച്ചു ജില്ലാ പഞ്ചായത്ത് അംഗം മെഹർബാൻ ടീച്ചർ ഉദ്ഘാടനം ചെയ്തു

## വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക



# ജീവാമൃതം

എല്ലാ വർഷവും വേനൽക്കാലത്ത് പറവകൾക്ക് കുടിക്കുന്നതിനും കുളിക്കുന്നതിനുമായി എൻ എസ് എസ് വോളണ്ടിയർമാർ വീടുകളിൽ മൺപാത്രങ്ങളിൽ വെള്ളം നിറച്ച് വക്കുന്നു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**





# പെൺകരുത്ത് വനിതാ സംഗമം

വിദ്യാർത്ഥികളിൽ സാമൂഹിക സമത്വവും സുരക്ഷിതത്വബോധവും വളർത്തിയെടുക്കുക വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ ബോധവൽക്കരണം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര പെൺകരുത്ത് വനിതാ സംഗമം സംഘടിപ്പിച്ചു



എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിദ്യാർഥിനികളുടെ ഫുട്ബോൾ മത്സരത്തിന് മുൻപ് പ്രിൻസിപ്പൽ കെ.കെ. രാജ്കുമാർ നിർദേശങ്ങൾ നൽകുന്നു

## പെൺകരുത്ത് വനിതാ സംഗമം സംഘടിപ്പിച്ചു

എടത്തനാട്ടുകര ● വിദ്യാർഥിനികളിൽ സാമൂഹിക സമത്വവും സുരക്ഷിതത്വ ബോധവും വളർത്തിയെടുക്കുക, വനിതകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പെൺകരുത്ത് വനിതാ സംഗമം സംഘടിപ്പിച്ചു.

സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റിന്റെ ഹെൽത്ത് ആൻഡ് കെയർ പ്രോജക്ടിന്റെ കീഴിൽ നടത്തിയ സംഗമം പഞ്ചായത്തംഗം പി.പി. സജ്ന സത്താർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ കെ.കെ. രാജ്കുമാർ വനിതാ ദിന സന്ദേശം നൽകി. ഇതിന്റെ ഭാഗമായി തടിയംപറമ്പ് ടർഫ് സ്റ്റേഡിയത്തിൽ വിദ്യാർഥിനികൾക്കായി ഫുട്ബോൾ മത്സരം നടത്തി.

ഗൈഡ് ക്യാപ്റ്റൻ പ്രജിത ശ്രീകുമാർ, സ്കൗട്ട് മാസ്റ്റർ ഒ. മുഹമ്മദ് അൻവർ, സി. മുഹമ്മദ് അഷ്റഫ്, കെ. ഷഹന, ഒ.കെ. ഷഹന, എൻ. ഷാദിയ, റിഷ്ന റസാഖ്, കെ. നാജിയ എന്നിവർ നേതൃത്വം നൽകി.

# പുഴയോരം  ജല സംരക്ഷണ സദസ്സ്

ജലസ്രോതസ്സുകൾ സംരക്ഷിക്കുക പുഴയുടെ ചരിത്രവും ഐതിഹ്യങ്ങളും പുതുതലമുറയ്ക്ക് പകർന്നു നൽകുക ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ കർമ്മശേഷി ഫലപ്രദമായി വിനിയോഗിക്കുക എന്നീ ലക്ഷ്യത്തോടെ എടത്തനാട്ടുകര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ സ്കൗട്ട്സ് ആൻഡ് യൂണിറ്റ് സംഘടിപ്പിച്ച പുഴയോരം ജലസംരക്ഷണ സദസ്സ് ശ്രദ്ധേയമായി.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**



## 'പുഴയോരം' ജലസംരക്ഷണ സദസ്സുമായി സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്

അലനല്ലൂർ: ജലസ്രോതസ്സുകൾ സംരക്ഷിക്കുക, പുഴയുടെ ചരിത്രവും ഐതിഹ്യങ്ങളും പുതുതലമുറക്ക് പകർന്നുനൽകുക, ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർഥികളുടെ കർമശേഷി ഫലപ്രദമായി വിനിയോഗിക്കുക എന്നീ ലക്ഷ്യങ്ങളോടെ എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റ് സംഘടിപ്പിച്ച പുഴയോരം ജലസംരക്ഷണ സദസ്സ് ശ്രദ്ധേയമായി.

മുണ്ടക്കുന്ന് വെള്ളിയാർ പുഴയുടെ തീരത്തെ കന്നിറക്കം കുണ്ടിലാണ് ജലസംരക്ഷണ സദസ്സ് സംഘടിപ്പിച്ചത്. ഗ്രാമപഞ്ചായത്ത് അംഗം പി.പി. സജ്ന സത്താർ ഉദ്ഘാടനം ചെയ്തു. നയനൻ നന്ദിയോട് വിഷയാവതരണം നടത്തി. സ്കൗട്ട് മാസ്റ്റർ കെ. മുഹമ്മദ് അൻവർ, ഗൈഡ് ക്യാപ്റ്റൻ പ്രതിമ ശ്രീകുമാർ, ട്രൂപ് ലീഡർ നവീൻ [illegible], കമ്പനി ലീഡർ സി. തൃഷ എന്നിവർ സംസാരിച്ചു.

എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റ് സംഘടിപ്പിച്ച 'പുഴയോരം' ജലസംരക്ഷണ സദസ്സ്

CamScanner

# രക്തദാന ക്യാമ്പ്

സ്കൂളിലെ എൻ എസ് എസ് , സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റുകളുടെ നേതൃത്വത്തിൽ പെരിന്തൽമണ്ണ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**

ചന്ദ്രിക




എടത്തനാട്ടുകര ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥികൾ സംഘടിപ്പിച്ച രക്തദാന ക്യാമ്പ്

## ജനകീയ രക്തദാന ക്യാമ്പ്

അലനല്ലൂർ : എടത്തനാട്ടുകര ഗവ.ഹയർ സെക്കന്ററി സ്കൂൾ വിദ്യാർഥികൾ സംഘടിപ്പിച്ച ജനകീയ രക്തദാന ക്യാമ്പ് ശ്രദ്ധേയമായി. സ്കൂളിലെ സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എൻ.എസ്.എസ് യൂണിറ്റുകളുടെ ഹെൽത്ത് ആന്റ് കെയർ, ജീവദ്യുതി പ്രൊജക്റ്റുകളുടെ ഭാഗമായി പെരിന്തൽമണ്ണ ബ്ലഡ് ബാങ്കിന്റെ സഹകരണത്തോടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. സ്കൗട്ട്സ് ആന്റ് ഗൈഡ്സ് ട്രൂപ്പ് ലീഡർ പി.അൻഷിദ്, എൻ.എസ്.എസ് ലീഡർ എ.ഫർഷാദ് സനീൻ എന്നിവർ രക്തം നൽകി ഉദ്ഘാടനം ചെയ്തു. സ്കൗട്ട് മാസ്റ്റർ ഒ.മുഹമ്മദ് അൻവർ, ഗൈഡ് ക്യാപ്റ്റൻ പ്രജിത ശ്രീകുമാർ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ സിജി വിപിൻ, എം. റാനിഷ്, പി. അദ്നാൻ, എം. ഷാമിൽ, കെ. റിസ്വിൻ എന്നിവർ പങ്കെടുത്തു.

Chandrika Edition
Jan 8, 2022 Page No. 3
Powered by eReleGo.com

# സഹപാഠിക്കൊരെഴുത്തു പുസ്തകം.

എൻ എസ് എസ് വോളണ്ടിയർമാരുടെ ഇടപെടൽ മൂലം 2020-21,2021-22 വർഷങ്ങളിൽ സ്കൂളിലെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി മൊത്തം 1350 നോട്ട് ബുക്കുകൾ 100 ഇൻസ്ട്രുമെന്റ് ബോക്സുകൾ 500 പേനകൾ എന്നിവ വ്യക്തകളെക്കൊണ്ടും സംഘടനകളെക്കൊണ്ടും സംഭാവന ചെയ്യിക്കാൻ കഴിഞ്ഞു.







ജീവ സ്ഥാപക നേതാവായ തുവ്വശ്ശേരി വാപ്പുവിൽ നിന്ന് എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂളിലെ എൻഎസ്എസ് വൊളന്റിയർ ശിവജ നോട്ടു പുസ്തകങ്ങൾ സ്വീകരിക്കുന്നു.

## നോട്ട് പുസ്തകങ്ങൾ വിതരണം ചെയ്തു

എടത്തനാട്ടുകര ● ഗവ. ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂൾ നാഷനൽ സർവീസ് സ്കീം യൂണിറ്റിന്റെ നേതൃത്വത്തിൽ നിർധനരായ 85 വിദ്യാർഥികൾക്ക് 750 നോട്ട് പുസ്തകങ്ങൾ വിതരണം ചെയ്തു.

എൻഎസ്എസ് വൊളന്റിയർ പി. ശിവജയുടെ അഭ്യർഥന പ്രകാരം പ്രവാസി കൂട്ടായ്മയായ 'ജീവ' സെക്രട്ടറി റഫീഖ് ചക്കംതൊടിയാണ് നോട്ടു പുസ്തകങ്ങൾ സ്കൂളിൽ എത്തിച്ചത്. സ്കൂളിൽ നടന്ന ചടങ്ങിൽ ജീവ സ്ഥാപക നേതാവ് തുവ്വശ്ശേരി വാപ്പുവിൽ നിന്ന് പി. ശിവജ നോട്ട് പുസ്തകങ്ങൾ ഏറ്റുവാങ്ങി. പ്രിൻസിപ്പൽ കെ.കെ. രാജ്കുമാർ, പ്രധാനാധ്യാപകൻ എൻ. അബ്ദുന്നാസർ, ജീവ പ്രസിഡന്റ് ബൈജു പാറോക്കോട്ട്, ജനറൽ സെക്രട്ടറി കെ. ആസിഫ് ഹസൻ, ഹംസ കാപ്പിൽ, പിടിഎ എക്സിക്യൂട്ടീവ് അംഗം അഹമ്മദ് സുബൈർ പാറോക്കോട്ട്, എൻഎസ്എസ് പ്രോഗ്രാം ഓഫിസർ സി.ജി. വിപിൻ, സി. സിദ്ദീഖ്, വി.ടി. സജിൽ, എൻ. അൻവർ, കെ.റ്റി. അൻഷാദ്, സി. ഷിഹാബുദ്ദീൻ എന്നിവർ സംബന്ധിച്ചു.

# ചൂൽ നിർമ്മാണം - സ്ക്രാപ്പ് ചലഞ്ച്

NSS വോളണ്ടിയർമാർ ചൂൽ നിർമ്മിച്ച് വിപണനം ചെയ്തും പഴയ ന്യൂസ് പേപ്പർ ശേഖരിച്ച് വിറ്റും ലഭിച്ച തുക സ്കൂളിലെ സ്കൗട്ട് & ഗൈഡ്സ് യൂണിറ്റ് നിർമ്മിക്കുന്ന സ്നേഹഭാവനത്തിലേക്ക് സംഭാവന നൽകി.

















# ഗൃഹനിർമ്മാണ സഹായം

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു കുടുംബത്തിന്റെ വീട്പണി സമയത്ത് 50 എൻ എസ് എസ് വോളണ്ടിയർമാരുടെ ഒരു ദിവസത്തെ സേവനം ലഭ്യമാക്കി.







# സ്നേഹപ്പുടവ

ആഘോഷ വേളകളിൽ പുതുവസ്ത്രങ്ങൾ അണിയാൻ പ്രയാസമനുഭവിക്കുന്ന സഹപാഠികൾക്ക് സ്നേഹ സമ്മാനവുമായി സ്കൂൾ നല്ലപാഠം സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റുകൾ സ്നേഹപ്പുടവ പദ്ധതി നടപ്പിലാക്കി.
സ്കൂളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്കാണ് സ്നേഹപ്പുടവ പദ്ധതിയുടെ ഭാഗമായി പുതുവസ്ത്രം നൽകിയത്. നല്ലപാഠം, സ്കൗട്ട് ആന്റ് ഗൈഡ് അംഗങ്ങൾ, അധ്യാപകർ, സ്കൂളിലെ മറ്റു ജീവനക്കാർ, രക്ഷിതാക്കൾ എിവരാണ് ഈ പദ്ധതിക്കായി പണം സ്പോസർ ചെയ്തത്.
മാതാവോ പിതാവോ അകാലത്തിൽ മരണമടഞ്ഞവരുടെ കുട്ടികൾ, അപകടത്തെത്തുടർന്നും ചികിത്സയെത്തുടർന്നും കടക്കെണിയിലായ രക്ഷിതാക്കളുടെ മക്കൾ എിവർക്കാണ് പദ്ധതിയുടെ ഭാഗമായി പുതുവസ്ത്രങ്ങൾ വിതരണം ചെയ്തത്.
നല്ലപാഠം അധ്യാപക കോ ഓർഡിനേറ്റർമാരായ ഒ. മുഹമ്മദ് അൻവർ, പി. അബ്ദുസ്സലാം എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.



എടത്തനാട്ടുകര ഗവ.ഹയർസെക്കൻഡറി സ്കൂളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ നേതൃത്വത്തിൽ നടത്തിയ മനോരമ നല്ലപാഠം സ്നേഹപ്പുടവ പദ്ധതി പഞ്ചായത്തംഗം സി. മുഹമ്മദാലി ഉദ്ഘാടനം ചെയ്യുന്നു.

## സ്നേഹം പുടവയുടുത്തു

**എടത്തനാട്ടുകര ഗവ.ഹയർസെക്കൻഡറി സ്കൂളിൽ നല്ലപാഠം സ്നേഹപ്പുടവ പദ്ധതി**

എടത്തനാട്ടുകര ● കോവിഡ് കാലത്ത് ഓണക്കോടി വാങ്ങിക്കാൻ പ്രയാസമനുഭവിക്കുന്ന സഹപാഠികൾക്ക് പുതുവസ്ത്രം സമ്മാനിച്ച് എടത്തനാട്ടുകര ഗവ.ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂൾ. സ്കൂളിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗവും മലയാള മനോരമ നല്ലപാഠം യൂണിറ്റും നടപ്പാക്കിയ സ്നേഹപ്പുടവ പദ്ധതി പഞ്ചായത്തംഗം സി.മുഹമ്മദാലി ഉദ്ഘാടനം ചെയ്തു.

നിത്യ രോഗികളോ വിധവകളോ ആയ രക്ഷിതാക്കളുടെ മക്കൾ, അച്ഛനമ്മമാർ മരണപ്പെട്ട വിദ്യാർഥികൾ തുടങ്ങി വിദ്യാലയത്തിലെ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന 25 വിദ്യാർഥികൾക്കാണ് ഓണാഘോഷത്തിന്റെ ഭാഗമായി സ്നേഹപ്പുടവ സമ്മാനിച്ചത്. പ്രധാനാധ്യാപകൻ എൻ. അബ്ദുന്നാസർ അധ്യക്ഷത വഹിച്ചു.

നല്ലപാഠം കോ-ഓർഡിനേറ്റർമാരായ ഒ. മുഹമ്മദ് അൻവർ, പി.അബ്ദുസ്സലാം, ട്രൂപ്പ് ലീഡർ പി.കെ.ഹംദാൻ, കമ്പനി ലീഡർ കെ.ഷഹന, പട്രോൾ ലീഡർമാരായ കെ.ഷാക്കിർ, സി.ഹർഷ എന്നിവർ സംബന്ധിച്ചു.

# സ്നേഹസ്പർശം

എൻ എസ് എസ് വോളണ്ടിയർമാർ അണയംകോട് അംഗൻവാടി കുട്ടികൾക്കായി കളിപ്പാട്ടങ്ങളും ഡിജിറ്റൽ ലൈബ്രറിയുടെ സഹായത്തോടെ തയ്യാറാക്കിയ ഓഡിയോ ബുക്കും കൈമാറി.

## കഥകൾ

**കേൾക്കാൻ പേരിന് മുകളിൽ ക്ലിക്ക് ചെയ്യുക**

1. അധികം കൊതി ആപത്ത്
2. സുന്ദരി തത്തയും കാക്കയും
3. അനിയത്തിപ്രാവും ചേട്ടത്തിപ്രാവും
4. അനുസരണക്കേടിന്റെ കഥ
5. ആഗ്രഹം
6. ആനയും മുയലും
7. കാക്കയും മുത്തശ്ശിയും
8. കുറുക്കനും കരടിയും
9. ക്ലാസ്സിലെ താരം
10. ചങ്ങാതി നന്നായാൽ
11. ചോക്ലേറ്റ് നഗരം
12. തിരിച്ചറിയാത്ത കഴിവ്
13. മണ്ടൻ സിംഹത്താൻ
14. മിട്ടുമുയൽ

15.മുത്തശ്ശി

16.മുയലും സിംഹവും

17.രാമുവിന്റെ സൈക്കിൾ

## പാട്ടുകൾ

1.അമ്പിളിമാമൻ

2.ഇട്ടാവട്ടം കുട്ടപ്പൻ

3.കുക്കരു കുക്ക കുറുക്കൻ

4.കുഞ്ഞിയമ്മയും മക്കളും

5.കുറിഞ്ഞി പൂച്ച

6.ക്രിസ്തുമസ് അപ്പൂപ്പൻ

7.നിറങ്ങൾ

8.പൂമ്പാറ്റയും പൂവും

9.പ്രാവേ പ്രാവേ

10.മാട പ്രാവ്

11.മ്യാവൂ മ്യാവൂ പൂച്ച

# കൈത്താങ്ങ് ആട് വിതരണം.

അകാലത്തിൽ പിതാവ് മരണപ്പെട്ട രണ്ട് നിർധന കുടുംബങ്ങൾക്ക് കൈത്താങ്ങ് പദ്ധതിക്ക് കീഴിൽ ആടുകളെ വിതരണം ചെയ്ത് എടത്തനാട്ടുകര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് വിദ്യാർത്ഥികളും നല്ല പാഠം അംഗങ്ങളും സംയുക്തമായാണ് ഈ പരിപാടി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്ത് അംഗം അക്ബർ അലി പാറോക്കോട്ട് പരിപാടി ഉദ്ഘാടനം ചെയ്തു

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**



# മാസ്ക് നിർമ്മാണം

കോവിഡ് കാലം മാസ്കുകളുടേത് കൂടിയാണ്. സ്കൂളിൽ എത്തു വിദ്യാർത്ഥികളും രക്ഷിതാക്കളും മാസ്കില്ലാതെ പ്രയാസപ്പെടരുത് എന്ന ലക്ഷ്യത്തോടെ സ്കൂളിലെ റെഡ് ക്രോസ് യൂണിറ്റിനു കീഴിൽ തുണി മാസ്കുകൾ നിർമ്മിച്ച് സ്കൂൾ അധികാരികൾക്ക് കൈമാറി. സ്കൂൾ പ്രധാനാധ്യാപകൻ എൻ. അബ്ദുാസർ മാസ്ക്കുകൾ സ്വീകരിച്ചു. സ്റ്റാഫ് സെക്ര'റി ടി.കെ. മുഹമ്മദ് ഹനീഫ, അധ്യാപകരായ കെ. യൂനസ് സലീം, സി. സക്കീന, പി. അബ്ദുസ്സലാം എിവർ സംബന്ധിച്ചു.



# ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കലും വിതരണവും

ലോക ഭക്ഷ്യ ദിനത്തിന്റെ ഭാഗമായി എടത്തനാട്ടുകര സ്കൗട്ട് ആൻഡ് ഗൈഡ് കോട്ടപ്പിള്ള മുതൽ വട്ട മണ്ണപ്പുറം വരെയുള്ള റോഡിൻറെ ഇരുവശങ്ങളിലുമായി ഫലവൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ച അലനല്ലൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് കെ അബൂബക്കർ ഫലവൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചു കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു

## വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക





# സാന്ത്വനത്തിന് ഞങ്ങളുണ്ട് കൂടെ

മാറാരോഗങ്ങൾ കൊണ്ട് പ്രയാസമനുഭവിക്കുന്നവർക്ക് സാന്ത്വനമേകുന്നതിനായി പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് വേണ്ടി എടത്തനാട്ടുകര സ്കൗട്ട് ആൻഡ് ഗൈഡ്സ് **കേക്ക് ഫെസ്റ്റ്** സംഘടിപ്പിച്ചു ഫെബ്രുവരി അഞ്ചിന് ആരംഭിച്ച കേക്ക് fest25 ന് അവസാനിച്ചു. കേക്ക് ഫെസ്റ്റിലൂടെ സമാഹരിച്ച് **50,000 രൂപ** പാലിയേറ്റീവ് ഭാരവാഹികൾക്ക് കൈമാറി.






# ജനകീയ രക്തദാനം

കോവിഡ് കാലത്ത് രക്തം പ്ലേറ്റ്ലറ്റ് എന്നിവയ്ക്ക് നേരിടുന്ന ക്ഷാമം പരിഹരിക്കാൻ എടത്തനാട്ടുകര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ യൂണിറ്റ് നടത്തിയ ജനകീയ രക്തദാന യാത്ര ശ്രദ്ധേയമായി. സ്കൗട്ട് ആൻഡ് ഗൈഡ് സംസ്ഥാന ട്രെയിനിങ് കമ്മീഷണർ കെ എൻ മോഹൻകുമാർ ഉദ്ഘാടനം ചെയ്തു.

## വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക






ജനകീയ രക്തദാനവുമായി വിദ്യാർഥികൾ

# എന്റെ വീട്ടിലും കൃഷി തോട്ടം

വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്തുക വിഷരഹിത സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യങ്ങളോടെ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ എടത്തനാട്ടുകര ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റിന്റെ ഭാഗമായി വിത്തുകൾ വിതരണം ചെയ്തു പച്ചക്കറി വിത്ത് വിതരണം പഞ്ചായത്ത് അംഗം അക്ബറലി പാറക്കോട്ട് ഉദ്ഘാടനം ചെയ്തു പ്രിൻസിപ്പൽ പ്രതിഭ സ്കൗട്ട് മാസ്റ്റർ മുഹമ്മദ് അൻവർ എന്നിവർ സംസാരിച്ചു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**

# ലഹരിക്കെതിരെ നാട് പ്രതികരിക്കുന്നു

ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി വീഡിയോ പ്രചാരണം നടത്തി. വ്യത്യസ്ത മേഖലയിലുള്ള പ്രമുഖർ സമൂഹമാധ്യമങ്ങളിലൂടെ പ്രതികരണം രേഖപ്പെടുത്തി.ലഹരി വിരുദ്ധ പ്രതികരണ ക്യാമ്പയിൻ പാലക്കാട് പാർലമെന്റ് അംഗം ശ്രീ പി കെ ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**



# പഠനോപകരണ വിതരണം

കോവിഡിന്റെ വറുതിക്കാലത്ത് സാമ്പത്തിക പ്രയാസങ്ങളാൽ പഠനം വഴിമുട്ടിയ സ്കൂളിലെ നൂറോളം വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ എത്തിച്ചു നൽകി അവരുടെ വിദ്യാഭ്യാസത്തിന് കൈത്താങ്ങേകിയ സ്കൂളിലെ മലയാള മനോരമ നല്ലപാഠം പഠനോപകരണ വിതരണം വേറിട്ടതായി.
സ്കൂളിലെ സാമ്പത്തിക പ്രയാസം അനുഭവിക്കു വിദ്യാർഥികൾക്കും കുടുംബനാഥൻമാർ അകാലത്തിൽ മരണമടഞ്ഞ കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെ'വിദ്യാർഥികൾക്കും അപകടത്തെത്തുടർന്ന് കടക്കെണിയിലായ കുടുംബങ്ങളിലെ ചില വിദ്യാർഥികൾക്കും ഈ പദ്ധതിയിലൂടെ പഠനോപകരണങ്ങൾ നൽകി.
കൈത്താങ്ങ് ആവശ്യമായവർക്ക് സഹായം നേരിട്ടെത്തിക്കുന്ന ഈ പദ്ധതിയിലൂടെ നട്ടു പുസ്തകങ്ങൾ, പെൻസിൽ, ഇറൈസർ, ക്രയോ അടക്കമുള്ള സഹായമാണ് നൽകിയത്.



# ഭക്ഷ്യകിറ്റ് വിതരണം

കോവിഡ് മഹാമാരി കാരണം സാമ്പത്തികമായി ഏറെ പ്രയാസപ്പെട്ടിരുന്ന നിരാലംബരായ 15 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് സംവിധാനമൊരുക്കി അശരണരുടെ കണ്ണീരൊപ്പിയ സ്കൂളിലെ നല്ലപാഠം പദ്ധതി മികവുറ്റതായി.

കുടുംബനാഥൻ അകാലത്തിൽ മരണമടഞ്ഞ 9 കുടുംബങ്ങൾക്കും അപകടത്തെത്തുടർന്നും ചികിത്സയെത്തുടർന്നും കടക്കെണിയിലായ ആറ് കുടുംബങ്ങൾക്കുമടക്കം 15 കുടുംബങ്ങൾക്കാണ് സ്കൂളിൽ ജീവ കാരുണ്യ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ കിറ്റ് നൽകിയത്.

ലവ് ആന്റ് സെർവ്വ് വളണ്ടിയർ മുഹമ്മദാലി പോത്തുകാടനിൽ നിന്നും പ്രധാനാധ്യാപകൻ എൻ. അബ്ദുനാസർ ഫണ്ട് ഏറ്റു വാങ്ങി.

15 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് സഹായം എത്തിച്ചു കൊടുത്ത ഈ ഈ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രമുഖ വ്യവസായിയും പട്ടിക്കാട് കുർബാൻ അസ്സോസിയേറ്റ്സ് മാനേജിങ് ഡയറക്ടറുമായ കുർബാൻ മുഹമ്മദാലി, ലവ് ആന്റ് സെർവ് കൊ- ഓർഡിനേറ്റർ ബഷീർ കരിഞ്ചാപ്പാടി, നല്ലപാഠം കൊ ഓർ ഡിനേറ്റർമാരായ ഒ. മുഹമ്മദ് അൻവർ, പി. അബ്ദുസ്സലാം എിവർ നേതൃതം നൽകി.



എടത്തനാട്ടുകര ജിഎച്ച്എസ്എസ് നല്ലപാഠം യൂണിറ്റിനു കീഴിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് ലവ് ആൻഡ് സേർവ് വൊളന്റിയർ മുഹമ്മദാലി പോത്തുകാടൻ പ്രധാനാധ്യാപകൻ എൻ.അബ്ദുൾ നാസറിന് കൈമാറുന്നു.

## അവശ്യ സാധനങ്ങളെത്തിച്ച് ജിഎച്ച്എസ്എസ് നല്ലപാഠം

എടത്തനാട്ടുകര ● കോവിഡ് 19 പടരുന്ന സന്ദർഭത്തിൽ കാരുണ്യത്തിന്റെ സ്നേഹ സ്പർശമൊരുക്കി എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹയർസെക്കൻഡറി സ്കൂൾ നല്ലപാഠം യൂണിറ്റ്. 15 കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ അടങ്ങുന്ന കിറ്റുകൾ നൽകി. മലപ്പുറം മക്കരപറമ്പ് ആസ്ഥാനമായ 'ലവ് ആൻഡ് സേർവ്' സന്നദ്ധ സംഘടന കോ-ഓർഡിനേറ്റർ ബഷീർ കരിഞ്ചാപ്പാടിയാണ് സാമ്പത്തിക സഹായം നൽകിയത്.

ലവ് ആൻഡ് സേർവ് വൊളന്റിയർ മുഹമ്മദാലി പോത്തുകാടൻ പ്രധാനാധ്യാപകൻ എൻ.അബ്ദുൾനാസറിന് ഫണ്ട് കൈമാറി പദ്ധതി ഉദ്ഘാടനം ചെയ്തു. നല്ലപാഠം കോ-ഓർഡിനേറ്റർമാരായ പി.അബ്ദുസ്സലാം, ഒ.മുഹമ്മദ് അൻവർ എന്നിവർ സംബന്ധിച്ചു.

Scanned with CamScanner

# മൂന്ന് കുടുംബത്തെ ദത്തെടുത്ത് നല്ലപാഠം യൂണിറ്റ്

കോവിഡ് കാലത്ത് നിർദ്ധനരായ മൂന്ന്കുടുംബത്തെ ദത്തെടുത്ത് സ്കൂൾ നല്ലപാഠം യൂണിറ്റ്. മഞ്ഞപ്പിത്തം പിടിപെട്ട് പിതാവ് മരണപ്പെട്ട ഒരു കുടുംബത്തേയും ജോലിക്കിടെ നട്ടെല്ലിന് പരുക്കുപറ്റി വീൽ ചെയറിൽ ജീവിതം തള്ളി നീക്കുന്ന ഒരു ഭിന്നശേഷിക്കാരന്റെ കുടുംബത്തേയും പിതാവ് അപകടത്തിൽ പെട്ട് മരണപ്പെട്ട ഒരു കുടുംബത്തേയുമാണ് നല്ലപാഠം യൂണിറ്റ് ദത്തെടുത്തത്.

ഈ മൂന്ന് കുടുംബങ്ങൾക്കും എല്ലാ മാസവും ആയിരം രൂപയുടെ ഭക്ഷണ

സാധനങ്ങൾ വാങ്ങുതിന് നല്ലപാഠം യൂണിറ്റിനു കീഴിൽ സംവിധാനം ഒരുക്കി. കുടുംബങ്ങൾക്ക് പണം നേരിട്ട് ൽകുതിനു പകരം ഭക്ഷ്യ സാധനങ്ങൾ കോട്ടപ്പള്ളയിലെ ഒരു കടയിൽ നിന്നും വാങ്ങുതിനുള്ള സജ്ജീകരണങ്ങൾ ചെയ്തു. എല്ലാ മാസവും പണം നല്ലപാഠം കൊ ഓർഡിനേറ്റർമാർ കടയിൽ നൽ കുന്നു.

സ്കൂൾ വർഷം ആരംഭത്തിൽ ഈ കുടുംബത്തിലെ മൂന്ന് വിദ്യാർത്ഥികൾക്കും യൂണിഫോം, പഠനോപകരണങ്ങൾ എിവ വാങ്ങുതിനും നമ്മുടെ സ്കൂളിലെ പത്താം ക്ലാസ്സിൽ പഠിക്കു കുട്ടിക്ക് ട്യൂഷന് പോകുതിനുള്ള സാമ്പത്തിക സഹായവും നൽകുന്നു. ആഘോഷ വേളകളിൽ സ്പെഷ്യൽ ഭക്ഷ്യ കിറ്റുകളും കുടുംബങ്ങളിലെ മുഴുവൻ അംഗങ്ങൾക്കും പുതു വസ്ത്രങ്ങൾ വാങ്ങുതിനുള്ള ഫണ്ടും നൽകുന്നു.

# മാസ്ക് നിർമ്മാണവും covid 19 പ്രതിരോധ പ്രചരണവും.

കോവിഡ് 19 വളരെ രൂക്ഷമായ സാഹചര്യത്തിൽ എടത്തനാട്ടുകര സ്കൗട്ട് ആൻഡ് ഗൈഡ്സ് മാസ്ക് നിർമ്മിച്ച് വിതരണത്തിനായി ചലഞ്ചേഴ്സ് ക്ലബ്ബിന് കൈമാറി. കോവിഡ് 19-പ്രതിരോധത്തിനായി കൈകോർക്കാം അഥിതി തൊഴിലാളികൾക്കായി അവരുടെ ഭാഷയിൽ കൊറോണ പ്രതിരോധ സന്ദേശ പ്രയാണം എടത്തനാട്ടുകര ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൗട്ട് and ഗൈഡ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സന്ദേശ പ്രയാണം സംഘടിപ്പിച്ചു.

## വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക





**മാസ്ക് നിർമ്മാണവുമായി വിദ്യാർത്ഥികൾ**

# തനത്
# പ്രവർത്തനങ്ങൾ

1.സ്നേഹപൂർവ്വം പദ്ധതി

2.ഡിജിറ്റൽ ലൈബ്രറി

3.LOVE & CARE PLASTIC -1

4.LOVE & CARE PLASTIC -2

5.LOVE & CARE PLASTIC -3

6.അക്ഷരദീപം ക്ലാസ്റൂം ലൈബ്രറി

7.പുസ്തകത്തണൽ ഓപ്പൺ ലൈബ്രറി

8.സമദർശൻ - നാടക ശില്പശാല

9.കൂൺ കൃഷി

10.ഹരിതം - ജൈവ കൃഷി.

11.പാടത്തൊരു പാഠം

12.പൊതു സ്ഥാപനങ്ങൾ സന്ദർശനം

13.കോവിഡ് കാലവും പാട്ടും

14.പുസ്തക വണ്ടി

15.ഓൺലൈൻ സർഗോൽസവങ്ങൾ

16.നല്ലപാഠം തുണി സഞ്ചി

17.റീ ടേക്ക് ലഹരി വിരുദ്ധ സദസ്സ്

# "സ്നേഹപൂർവ്വം"പദ്ധതി

സ്കൂളിലെ നിർധന കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികളുടെ പഠനസംബന്ധവും ചികിത്സാസംബന്ധവുമായ ആവശ്യങ്ങൾക്ക് സഹായം നൽകുന്നതിന് വേണ്ടി 2013-14 അധ്യയന വർഷത്തിലാണ് "സ്നേഹപൂർവ്വം" പദ്ധതി ആരംഭിച്ചത് .പദ്ധതി ആരംഭിച്ചതുമുതൽ ഇതുവരെ ഒൻപത് ലക്ഷത്തിൽ കൂടുതൽ രൂപയുടെ വിവിധ തരത്തിലുള്ള സഹായങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്.

**ഉപഭോക്താക്കൾ**

- മാറാ രോഗങ്ങൾ കൊണ്ട് കഷ്ടപ്പെടുന്ന രക്ഷിതാക്കളുള്ള കുട്ടികൾ.
- രക്ഷിതാക്കൾക്ക് പെട്ടന്ന് വന്ന അനാരോഗ്യം കാരണം സ്ഥിര വരുമാനം നിലച്ച വീട്ടുകളിൽനിന്നും വരുന്ന കുട്ടികൾ.
- സ്വന്തമായി സ്ഥലം വീട് എന്നിവ ഇല്ലാത്ത കുടുംബത്തിൽനിന്നും വരുന്ന കുട്ടികൾ.
- രക്ഷിതാക്കൾ മരിച്ച/ഉപേക്ഷിച്ച ,ദാരിദ്രാവസ്ഥയിൽ ഉള്ള കുട്ടികൾ.
- കിഡ്നി സംബന്ധമായ,കാൻസർ ...തുടങ്ങിയ മാരക രോഗങ്ങൾ ഉള്ള കുട്ടികൾ/രക്ഷിതാക്കൾ.

**നൽകുന്ന സഹായങ്ങൾ**

- തിരഞ്ഞെടുത്ത കുട്ടികൾക്ക് ആവശ്യമുള്ള പഠനോപകരണങ്ങൾ.
- യൂണിഫോം തുണി ,തയ്ക്കാനുള്ള തയ്യൽ കൂലി.
- കുട്ടിക്കോ രക്ഷിതാവിനോ ഉള്ള വിവിധ ചികിത്സാ സഹായം.
- സ്പെഷ്യൽ ഫീസ് പരീക്ഷ ഫീസ് തുടങ്ങിയവ.
- വീടില്ലാത്തവർക്ക് വീടുപണിക്കുള്ള സഹായം.
- രക്ഷിതാക്കൾ ആകസ്മികമായി മരണപ്പെട്ടാൽ ആ കുടുമ്പത്തിനുള്ള ധനസഹായം.
- വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുള്ള വീടുകളിലേക്ക് പ്രതിമാസ 500/ 1000 രൂപയുടെ ധനസഹായം.

**ഉപഭോക്താക്കളെ കണ്ടെത്തുന്ന രീതി.**

ഓരോ വർഷവും ജൂൺ മാസത്തിലെ ആദ്യവാരത്തിൽ തന്നെ 5 മുതൽ +2 വരെയുള്ള എല്ലാ ക്ലാസ്സുകളിൽ നിന്നും ക്ളാസ് ടീച്ചർമാർ വഴി അർഹതയുണ്ടെന്ന് തോന്നുന്ന കുട്ടികളുടെ ലിസ്റ്റ് ശേഖരിച്ചശേഷം പദ്ധതിയുടെ നടത്തിപ്പിനായി നിയോഗിക്കപ്പെട്ട അധ്യാപകർ കുട്ടികളുമായി വിശദമായ അഭിമുഖം നടത്തി വിവരങ്ങൾ രേഖപ്പെടുത്തുന്നു.അതിനു ശേഷം അവരുടെ പഠനസംബന്ധമായ ആവശ്യങ്ങൾ ചോദിച്ചറിഞ്ഞു മികച്ച നിലവാരം പുലർത്തുന്ന പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന

.കുട്ടികളുടെ മനസിന് വിഷമം ഉണ്ടാക്കാതെ  അവരെ ഒരു പ്രദർശനവസ്തു ആക്കാത്ത രീതിയിലാണ് പഠനോപകരണവിതരണം നടത്തുന്നത്.
അഭിമുഖത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നു.

## പ്രവർത്തന രീതി

സ്കൂളിലെ മേലധികാരികൾ,PTA പ്രസിഡണ്ട് തിരഞ്ഞെടുത്ത അധ്യാപകർ എന്നിവർ അടങ്ങിയ ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ രണ്ട് അധ്യാപകർക്കാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല.പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുവേണ്ടി ആവശ്യമായ സമയത്ത് കമ്മിറ്റി കൂടുന്നു.വർഷാവസാനം കോ ഓർഡിനേറ്റർമാർ കമ്മിറ്റിയിൽ വരവ് ചെലവ് കണക്ക് അവതരിപ്പിക്കുന്നു.ഇത് ഓഡിറ്റ് ചെയ്യുന്നതിനായി സ്കൂളിലെ അധ്യാപകനെ ചുമതലപ്പെടുത്തുന്നു.
വിതരണം ചെയ്യുവാനുള്ള നോട്ട് ബുക്ക്,ടെക്സ്റ്റ് ബുക്ക് ,പേന,പെൻസിൽ,ഇൻസ്ട്രുമെന്റ് ബോക്സ്...തുടങ്ങിയ പഠനോപകരണങ്ങൾ സ്കൂളിലുള്ള കോ ഓപ്പറേറ്റീവ് സ്റ്റോറിൽനിന്നുമാണ് ലഭ്യമാക്കുന്നത് .
കുട വാങ്ങുന്നത് അപകടം മൂലം അരക്കുതാഴെ ചലനശേഷി നഷ്ടപ്പെട്ട ഒരു യുവാവിൽനിന്നുമാണ്.കുട നിർമ്മാണം ജീവിക്കാനുള്ള അദ്ദേഹത്തിന്റെ വരുമാനമാർഗ്ഗം കൂടിയാണ്.ഗുണനിലവാരം കൂടിയ സ്കൂൾ ബാഗുകൾ പുറത്തുനിന്നും വാങ്ങുന്നു.
പ്രതിമാസം  500 / 1000 രൂപയുടെധനസഹായം വർഷം  മുഴുവൻ നൽകുന്നതിനു വേണ്ടി വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുമ്പങ്ങളിൽ നിന്നും വരുന്ന കുട്ടികളെ കണ്ടെത്തുന്നു.അഭിമുഖം വഴി രക്ഷിതാക്കളിൽ ആരെങ്കിലും മരണപ്പെട്ട കുട്ടികളെ കണ്ടെത്തി അവർക്ക് കേരളാ സാമൂഹ്യ സുരക്ഷമിഷൻ നൽകുന്ന സ്നേഹപൂർവ്വം സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള സഹായം നൽകുന്നു.
രക്ഷിതാക്കൾ ആരെങ്കിലും പെട്ടന്ന് മരണപ്പെട്ടാൽ ആവശ്യമെങ്കിൽ ആ കുടുംബത്തിന് ധനസഹായം നൽകുന്നു.
വലിയ ചിലവ് വരുന്ന ചികിത്സകൾക്ക് രോഗത്തിന്റെ ഗൗരവത്തിന് അനുസരിച്ചുള്ള ധനസഹായം നൽകുന്നു.

## വരുമാനമാർഗ്ഗം

പദ്ധതിനടത്തിപ്പിനായുള്ള ധനസമാഹരണം പ്രധാനമായും സ്കൂളിൽ നിന്നുതന്നെയാണ് .അതിൽ മുഴുവൻ അധ്യാപക അനധ്യാപകരും കുട്ടികളും പങ്കാളികളാകുന്നു.
എല്ലാ മാസവും ഒരു ദിവസം ക്ലാസ്സുകളിൽ വയ്ക്കുന്ന "സ്നേഹക്കുടുക്കയിൽ"കുട്ടികൾ അവർ മിഠായി വാങ്ങാനോ മറ്റോ മാറ്റിവെക്കുന്ന തുക നിക്ഷേപിക്കുന്നു.ഈ ഇനത്തിൽ ഓരോമാസവും 4000 മുതൽ 5000 രൂപ

വരെ ലഭിക്കുന്നു.അതുകൂടാതെ എല്ലാ മാസവും സ്കൂൾസ്റ്റാഫ് അംഗങ്ങൾ ഒരു നിശ്ചിത തുക ഇതിലേക്കായി മാറ്റിവെക്കുന്നു.ഈ ഇനത്തിൽ 7000 രൂപയോളം ലഭിക്കുന്നു.ഇത് പദ്ധതി ആരംഭിച്ചതുമുതൽ എല്ലാമാസവും തുടർന്നുവരുന്നു.
ചില പ്രത്യേക സാഹചര്യങ്ങളിൽ സ്റ്റാഫ് അംഗങ്ങളും രക്ഷിതാക്കളുടെ അടുത്തുനിന്നും കുട്ടികളും കൂടുതൽ തുക ഇതിലേക്ക് സംഭാവനയായിനൽകാറുണ്ട്.ഒരു കുട്ടിയുടെ രക്താർബുദ ചികിത്സാക്കായി 175000 രൂപ വരെ ഈ പദ്ധതിവഴി നൽകാൻ കഴിഞ്ഞിട്ടുണ്ട്.
അപൂർവ്വം ചില സാഹചര്യങ്ങളിൽ സ്കൂളിന് പുറമെനിന്നുള്ള ചില വ്യക്തികളും പദ്ധതിക്ക് വേണ്ടി സംഭാവന നൽകാറുണ്ട്.

## പദ്ധതി ഇതുവരെ.

- പദ്ധതി തുടങ്ങിയ കാലം മുതൽ ഇതുവരെ അഞ്ഞൂറിലധികം കുട്ടികൾക്ക് വിവിധതരത്തിലുള്ള പഠനോപകരണങ്ങൾ നൽകുവാൻ കഴിഞ്ഞു.
- ചില കുട്ടികളുടെ വീട്ടുപണിക്കായി സഹായം നല്കാൻ കഴിഞ്ഞു.
- മുപ്പതോളം കുട്ടികൾക്ക് 500 രൂപാ മുതൽ 1000 രൂപ വരെയുള്ള പ്രതിമാസ ധനസഹായം നൽകാൻ കഴിഞ്ഞു.
- അർഹതപ്പെട്ട കുട്ടികൾക്ക് സ്പെഷ്യൽ ഫീസ് പരീക്ഷ ഫീസ് യൂണിഫോം തുണി ,തയ്യൽ കൂലി എന്നിവ നൽകാൻ കഴിഞ്ഞു.
- കേരളാ സാമൂഹ്യ സുരക്ഷാമിഷൻ രക്ഷിതാക്കളിൽ ആരെങ്കിലും മരണപ്പെട്ട കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പിലേക്ക് അപേക്ഷിക്കുവാനുള്ള സഹായം നൽകുക വഴി പത്ത് ലക്ഷത്തിൽ കൂടുതൽ തുക ഈ സ്കൂളിലെ കുട്ടികൾക്കായി നേടിയെടുക്കാൻ കഴിഞ്ഞു.

ഇത്രയും പ്രവർത്തനങ്ങൾക്കായി ഇതുവരെ 10 ലക്ഷത്തിനു മുകളിൽ തുക ചിലവഴിക്കുവാൻ ഈ പദ്ധതികൊണ്ട് സാധിച്ചു.

# സ്നേഹപൂർവ്വം പദ്ധതി വരവ് ചെലവ് കണക്ക് 2014-2022

## വരവ്

| | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-21 | 2021-22 | TOTAL |
|---|---|---|---|---|---|---|---|---|
| സംഭാവന | 172707.00 | 7575.00 | 153138.00 | 3675.00 | 173000.00 | 0.00 | 0.00 | **510095.00** |
| Teachers Collection | 39800.00 | 58050.00 | 66600.00 | 59100.00 | 76550.00 | 40175.00 | 19250.00 | **359525.00** |
| സ്നേഹക്കൂടുക്ക | 18409.00 | 36855.00 | 31299.00 | 28119.00 | 17439.00 | 55356.00 | 0.00 | **187477.00** |
| Bank Interest | 2341.00 | 1593.00 | 1380.00 | 0.00 | 0.00 | 540.00 | 0.00 | **5854.00** |
| **TOTAL** | | | | | | | | **1062951.00** |

## ചെലവ്

| | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-21 | 2021-22 | TOTAL |
|---|---|---|---|---|---|---|---|---|
| പഠന സഹായം Fee,കുടുംബത്തിന് മരണാനന്തര ധനസഹായം | 8173.00 | 3170.00 | 0.00 | 0.00 | 27000.00 | 7000.00 | 1540.00 | **46883.00** |
| പഠനോപകരണങ്ങൾ | 39151.00 | 33658.00 | 39849.00 | 46450.00 | 41980.00 | 56748.00 | 32083.00 | **289919.00** |
| യൂണിഫോം + തയ്യൽക്കൂലി | 14419.00 | 2110.00 | 0.00 | 0.00 | 1476.00 | 4133.00 | 9400.00 | **31538.00** |
| പ്രതിമാസ ധനസഹായം | 53750.00 | 46000.00 | 49500.00 | 27500.00 | 9000.00 | 0.00 | 0.00 | **185750.00** |
| സ്റ്റേഷനറി നോട്ടീസ് | 2019.00 | 636.00 | 301.00 | 220.00 | 0.00 | 582.00 | 0.00 | **3758.00** |
| ചികിത്സ | 44000.00 | 3000.00 | 178283.00 | | 176000.00 | 15000.00 | 0.00 | **416283.00** |
| ഗൃഹ നിർമ്മാണം | 0.00 | 25016.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | **25016.00** |
| **TOTAL** | | | | | | | | **999147.00** |

**Balance** **63804.00**

# ഡിജിറ്റൽ ലൈബ്രറി

കോവിഡ് കാലത്ത് കുട്ടികൾക്ക് ഓൺലൈൻ പഠനത്തിന് കൈതാങ്ങാവാൻ അധ്യാപകർ സംഭാവനയായി നൽകിയ 200000 (രണ്ടുലക്ഷം )രൂപയും നാട്ടിലെ സ്ഥാപനങ്ങളും വ്യക്തികളും ചേർന്ന് 74455 (എഴുപതിനാലായിരത്തി നാന്നൂറ്റി അൻപത്തിയഞ്ചു )രൂപയും ചേർത്ത് 33 ടാബ്‌ലറ്റ് കൾ വാങ്ങി ഒരു ഡിജിറ്റൽ ലൈബ്രറി സ്കൂളിൽ ആരംഭിച്ചു.ഇതിൽനിന്നും അർഹരായ കുട്ടികൾക്ക് ഓൺലൈൻ പഠനാവശ്യത്തിനായി ഉപകരണങ്ങൾ നൽകുകയും കുട്ടികൾ അവ പ്രയോജനപ്പെടുത്തുകയും ചെയ്തു.

ഇപ്പോഴും NMMS,STEPS,USS തുടങ്ങിയ കോച്ചിങ്ങുകൾക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ കുട്ടികൾ ഈ ഡിജിറ്റൽ ലൈബ്രറി പ്രയോജനപ്പെടുത്തുന്നുണ്ട്.കൂടാതെ സ്കൂളിൽ നടക്കുന്ന എൻ.എസ്.എസ് പോലെയുള്ള യൂണിറ്റുകളുടെ പല പരിപാടികളും ഷൂട്ട് ചെയ്യുന്നതിനും എഡിറ്റ് ചെയ്യുന്നതിനും ഈ ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.



# LOVE & CARE PLASTIC -1

സ്കൂൾ ബിൽഡിംഗ് പെയിന്റിങ്ങിനു ശേഷം ലഭിച്ച 50 ലിറ്ററിന്റെ 17 പ്ലാസ്റ്റിക് കാനുകൾ പെയിന്റ് ചെയ്ത് ലേബൽ ചെയ്ത് UP,HS,HSS ക്ലാസുകൾപ്രവർത്തിക്കുന്ന വിവിധ ബ്ലോക്കുകളിൽ സ്ഥാപിച്ചു.സ്കൂളിൽ നിന്നും ശേഖരിക്കുന്ന എല്ലാ പ്ലാസ്റ്റിക് മാലിന്യങ്ങളും NSS യൂണിറ്റിന്റെ അഭ്യർത്ഥന പ്രകാരം അലനല്ലൂർ ഗ്രാമ പഞ്ചായത്ത് സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള മിനി എം സി എഫ് ൽ സൂക്ഷിക്കുകയും ചെയ്തുവരുന്നു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**



# LOVE & CARE PLASTIC -2

## Collecting Used Plastic Pen

2016 മുതൽ സ്കൂളിലെ സഹ്യാദ്രി പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾ ഉപയോഗിച്ചശേഷം ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് പേനകൾ ശേഖരിച്ചുവരുന്നു.പിന്നീട് ഇത് കേരളത്തിലെ മറ്റ് പല സ്കൂളുകളും ഏറ്റെടുത്തു.പേന ശേഖരണത്തിനെക്കുറിച്ചുള്ള വാർത്ത ദ ഹിന്ദു ഉൾപ്പെടെയുള്ള പല മാധ്യമങ്ങളും റിപ്പോർട്ട് ചെയ്യുകയുണ്ടായി.അന്നത്തെ ധനമന്ത്രി ശ്രീ.തോമസ് ഐസക് ഈ വിഷയത്തിൽ സ്കൂളിനെക്കുറിച്ച് പരാമർശിക്കുകയുണ്ടായി.


SCRIPTING A SOLUTION

To pen a plastic-free future



# LOVE & CARE PLASTIC -3

# PLASTIC PEN CRAFT

2016 മുതൽ സ്കൂളിൽ ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് പേനകൾ സഹ്യാദ്രി പരിസ്ഥിതി ക്ലബ് നാഷണൽ സർവീസ് സ്കീം എന്നിവയുടെ നേതൃത്വത്തിൽ ക്യാമ്പസിൽ നിന്നും ശേഖരിച്ചുവരുന്നുണ്ട്.ഒന്നരലക്ഷത്തിൽ കൂടുതൽ പേനകൾ ഇതിനകം ശേഖരിച്ചുകഴിഞ്ഞു.കഴിഞ്ഞ വർഷം എൻ എസ് എസ് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച മനസ്സ് - സർഗോത്സവം പരിപാടിയിൽ പ്രോഗ്രാം ഓഫീസർമാർക്കുള്ള ഇനമായ നവീന ആശയങ്ങളുടെ അവതരണത്തിൽ പ്ലാസ്റ്റിക് പേനകളുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിക്കുകയും ഒന്നാം സ്ഥാനം ലഭിക്കുകയും ചെയ്തിരുന്നു.ഉപേക്ഷിച്ച പ്ലാസ്റ്റിക് പേനകൾ കൊണ്ട് പെൻ സ്റ്റാൻഡ് , ലൈറ്റ് ഷേഡ് ,ഫോട്ടോ ഫ്രെയിം വാൾ ഡെക്കറേഷൻ ...തുടങ്ങിയ അലങ്കാര വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം സംഘടിപ്പിച്ചു.

**മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വീഡിയോ കാണുന്നതിനായി താഴെ കൊടുത്തിരിക്കുന്നവയിൽ ക്ലിക്ക് ചെയ്യുക**

2021-22 ലെ പ്രവർത്തനം

2022-23 ലെ പ്രവർത്തനം

നവീന ആശയങ്ങളുടെ അവതരണം






# അക്ഷരദീപം ക്ലാസ്റൂം ലൈബ്രറി

വിദ്യാർത്ഥികളിൽ വായനാശീലം ഉണ്ടാക്കുന്നതിനും കൂടുതൽ പുസ്തകങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി സ്പോൺസർമാരുടെ സഹായത്തോടെ ഓരോ HSS ക്ലാസ് മുറികളിലും അക്ഷരദീപം എന്ന പേരിൽ ബോക്സുകൾ സ്ഥാപിച്ചിരുന്നു.ഒരു ബോക്സിങ് 3000 രൂപ തോതിൽ പത്ത് ബോക്സുകൾക്കായി മൊത്തം 30000 (മുപ്പതിനായിരം രൂപ) സ്പോൺസർമാരിൽനിന്നും കണ്ടെത്താനായി.ബുക്ക് ചലഞ്ചിലൂടെ വോളണ്ടിയർമാർ ശേഖരിച്ച കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തി ക്ലാസ് റൂം ലൈബ്രറി വിപുലമാക്കി.പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും അത് റെക്കോർഡ് ചെയ്യുന്നതിനും മറ്റും അതാത് ക്ലാസ്സുകളിലെ വോളണ്ടിയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്കൂളിലെ **56 UP,HS** ക്ലാസ് മുറികളിലും ഈ രീതിയിൽ ലൈബ്രറി ബോക്സുകൾ ക്രമീകരിച്ചിട്ടുണ്ട്.വിവിധ സ്പോൺസർഷിപ്പിലൂടെ **188225 രൂപയുടെ** ലൈബ്രറി ബോക്സുകളാണ് സ്കൂളിൽ എല്ലാ ക്ലാസ് മുറികളിലിമായി ക്രമീകരിച്ചത്.**സ്കൂളിൽ നല്ലൊരു ലൈബ്രറി കെട്ടിടം ഇല്ല എന്ന പരിമിതി ഈ രീതിയിലാണ് മറികടന്നത്,**കുട്ടികളിലേക്ക് പുസ്തകങ്ങൾ എളുപ്പത്തിൽ എത്തിക്കാനും ഇത് സഹായിക്കുന്നു.








# പുസ്തകത്തണൽ ഓപ്പൺ ലൈബ്രറി

ലോഡിങ് തൊഴിലാളികൾക്കും ഓട്ടോ തൊഴിലാളികൾക്കും വ്യാപാരികൾക്കും ഒഴിവുസമയം പുസ്തകങ്ങളുമായി ഇടപഴകുന്നതിനായി എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കോട്ടപ്പള്ള അങ്ങാടിയിൽ പുസ്തകത്തണൽ എന്ന പേരിൽ ഒരു ലൈബ്രറി സ്ഥാപിച്ചു.ബുക്ക് ചാലഞ്ചിലൂടെ വോളണ്ടിയർമാർ ശേഖരിച്ച നൂറോളം പുസ്തകങ്ങൾ വായനക്കായി ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



# സമദർശൻ - നാടക ശില്പശാല

വിദ്യാർത്ഥികൾക്കിടയിൽ ലിംഗസമത്വത്തിന്റെ സന്ദേശം എത്തിക്കുന്നതിനായി നാടകശില്പശാല സംഘടിപ്പിച്ചു.അഗളി സർക്കാർ സ്കൂൾ അദ്ധ്യാപിക സിന്ധു ടീച്ചറും മകളും ഏഴാം ക്ലാസ് വിദ്യാർത്ഥിനിയുമായ മിത്രയുമാണ് നാടകശില്പശാലക്ക് നേതൃത്വം നൽകിയത്.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**








# കൂൺ കൃഷി

കോവിഡ് കാരണം അടച്ചിട്ട ക്ലാസ് മുറികളിൽ കൂൺ കൃഷി ആരംഭിച്ചു.കർഷകനായ വെളുത്തേടത്ത് ശിഹാബുദീൻ പരിശീലനം നൽകി.മുണ്ടൂർ IRTC യിൽ നിന്നും കൊണ്ടുവന്ന വിത്തുപയോഗിച്ച് ശാസ്ത്രീയമായ രീതിയിലാണ് കൃഷി തുടങ്ങിയത്.വാർഡ് മെമ്പർ ശ്രീ.അക്ബറലി പാറോക്കോട് വിളവെടുപ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു.

## വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക








Government of Kerala
Directorate of Higher Secondary Education
NATIONAL SERVICE SCHEME
GHSS EDATHANATTUKARA, UNIT NO:488



# PHOTOGRAPHY & VIDEOGRAPHY WORKSHOP FOR MEDIA WING MEMBERS

സ്കൂളിൽ നടക്കുന്ന വിവിധ പരിപാടികളുടെ ഫോട്ടോയും വിഡിയോയും എടുത്ത് എഡിറ്റുചെയ്ത് സ്കൂളിന്റെ വിവിധ സാമൂഹ്യമാധ്യമങ്ങളിൽ അപ്‌ലോഡ് ചെയ്യുന്നതിനും വിവിധ പോസ്റ്ററുകൾ ഉണ്ടാക്കുന്നതിനും ഡോക്യുമെന്റ് ചെയ്യുന്നതിനുമുള്ള വർക്ക് ഷോപ് സ്കൂളിലെ ക്യാമറയും ലാപ് ടോപ്പും ഡിജിറ്റൽ ലൈബ്രറിയും മറ്റ് സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ട് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ സഹകരണത്തോടെ എൻ എസ് എസ് വോളണ്ടിയർമാർക്ക് വേണ്ടി സംഘടിപ്പിച്ചു.






# ഹരിതം - ജൈവ കൃഷി.

എടത്തനാട്ടുകര കോട്ടപ്പള്ള ദാറുസ്സലാം മസ്ജിദ് സ്കൂളിന് കൃഷിചെയ്യാനായി വിട്ടുനൽകിയ ഒരേക്കറോളം വരുന്ന സ്ഥലത്ത് മുളക് കപ്പ ചേമ്പ് ചേന മഞ്ഞൾ കൂവ കൂർക്ക കാച്ചിൽ എന്നിവ കൃഷിചെയ്തുവരുന്നു.വിളവെടുപ്പിൽ ലഭിക്കുന്ന മഞ്ഞൾ കൂവ എന്നിവ വോളണ്ടിയർമാർ തന്നെ സംസ്കരിച്ച് വിപണനം നടത്തുന്നു.ഇതിലൂടെ എൻ എസ് എസ് പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികം കണ്ടെത്തുന്നു.മറ്റുള്ള വിളവുകൾ സ്കൂൾ ഉച്ചഭക്ഷണത്തിലേക്കോ ആവശ്യക്കാർക്കോ നൽകുന്നു. കാർഷികവൃത്തിയെക്കുറിച്ച് അറിവ് നല്കാൻ ഈ പ്രവർത്തനങ്ങൾക്ക് കഴിയുന്നു.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**






# പാടത്തൊരു പാഠം

എൻ എസ് എസ് വോളണ്ടിയറുടെ കൃഷിയിടത്തിലെ കൊയ്ത്തുത്സവത്തിൽ പങ്കാളിയാകളായി.

**വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**





# പൊതു സ്ഥാപനങ്ങൾ സന്ദർശനം

സാമൂഹിക ഉൾച്ചേർക്കൽ ലക്ഷ്യമിട്ടുകൊണ്ട് **ഭിന്നശേഷി വിദ്യാർഥികൾ** പൊതു സ്ഥാപനങ്ങൾ സന്ദർശിച്ചു.

2019 ഒക്ടോബർ മാസം നടത്തിയ യാത്രയിൽ മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ ഫയർ സ്റ്റേഷൻ കരിമ്പുഴ നെയ്ത്ത് ഗ്രാമം ബാപ്പുജി പാർക്ക് എന്നിവിടങ്ങൾ സന്ദർശിച്ചു. ഭിന്നശേഷിക്കാരും സഹപാഠികളും അധ്യാപകരും ചേർന്ന് നടത്തിയ യാത്ര കുട്ടികളുടെ ആത്മവിശ്വാസം വളർത്തുന്നതിന് പ്രചോദനമേകി. സ്കൂൾ പിടിഎയുടെയും അധ്യാപകരുടെയും പൂർണ്ണ പിന്തുണയോടെ നടത്തിയ യാത്രയിൽ 25 ഭിന്നശേഷി കുട്ടികളും അവരുടെ സഹപാഠികളും പങ്കെടുത്തു.







# കോവിഡ് കാലവും പാട്ടും

കോവിഡ് കാലത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ പഠനസൗകര്യം കിട്ടി.

പഠനത്തോടൊപ്പം അവരിൽ ഉള്ള കലാവാസനകൾ പുറത്ത് കൊണ്ടുവരാനും അത് അവതരിപ്പിക്കാനും ഒരു വേദി എന്ന നിലയിൽ "സ്റ്റുഡന്റ്സ് മ്യൂസിക് "എന്ന പേരിൽ 20-21 അധ്യയന വർഷം ജൂലൈ മാസത്തിൽ **മ്യൂസിക് ഗ്രൂപ്പ്ആരംഭിച്ചു.**

കുട്ടികളും രക്ഷിതാക്കളും അവരവരുടെ കലാപരമായ കഴിവുകൾ ഗ്രൂപ്പിൽ അവതരിപ്പിച്ചു.

ഗ്രൂപ്പിൽ കോവിഡ് അവധിക്കാലത്ത് ഓൺലൈൻ ആയി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

കുട്ടികളുടെ പങ്കാളിത്തവും രക്ഷിതാക്കളുടെ സഹകരണവും ഗ്രൂപ്പിൽ സജീവമായി ഉണ്ട്.

# പുസ്തക വണ്ടി

കോവിഡ്ക്കാലത്ത് സ്ക്കൂളിൽ വെച്ച് പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ സാധിക്കാതെ വപ്പോൾ സ്ക്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ ക്ലാസിലേയും പാഠപുസ്തകങ്ങൾ സ്ക്കൂൾ ബസ് ഉപയോഗിച്ച് എല്ലാ കുട്ടികളുടെയും വീട്ടിലേക്ക് എത്തിച്ച് കൊടുത്ത ഒരു പദ്ധതിയാണ് പുസ്തക വണ്ടി.






# ഓൺലൈൻ സർഗോൽസവങ്ങൾ

കോവിഡ് കാലത്ത് വീട്ടിലിരിക്കുന്ന വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ഇല്ലാതാക്കുക, കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യങ്ങളോടെ നല്ലപാഠം യൂണിറ്റിനു കീഴിൽ വിവിധ ക്ലാസ്സുകൾക്കായി ഓലൈൻ സർഗോൽസവങ്ങൾ സംഘടിപ്പിച്ചു.

സമന്വയ അവാർഡ് ജേതാവും സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയുമായ ഒ. അഫ്നാൻ അൻവർ, എഴുത്തുകാരായ അബു ഇരിങ്ങാട്ടിരി, സീനത്ത് അലി തുടങ്ങിയർ വിവിധ ക്ലാസ്സ് ഓലൈൻ സർഗോൽസവങ്ങൾ ഉൽഘാടനം ചെയ്തു.

ഓൺലൈൻ സർഗോൽസവത്തിലെ മികച്ച കലാപ്രകടനങ്ങൾ സ്കൂൾ യുട്യൂബിലൂടെ ലൈവ് ടെലിക്കാസ്റ്റ് ചെയ്തിരുന്നു.

സ്കൂളിലെ എൻ എസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ മനസ് എന്ന പേരിൽ ഓൺലൈൻ സർഗോത്സവം സംഘടിപ്പിച്ചിരുന്നു.






# നല്ലപാഠം   തുണി സഞ്ചി

പ്ലാസ്റ്റിക് സഞ്ചികൾ പ്രകൃതിക്ക് വരുത്തു ദോഷങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുക, വിദ്യാർഥികളിൽ പരിസ്ഥിതി സ്നേഹം ഊ'ിയുറപ്പിക്കുക എീ ലക്ഷ്യങ്ങളോടെ സ്കൂളിൽ മലയാള മനോരമ നല്ലപാഠം പദ്ധതിയുടെ ഭാഗമായി തുണി സഞ്ചി വിപണിയിലിറക്കി.

സ്കൂളിലെ മലയാള മനോരമ നല്ലപാഠം യൂണിറ്റ് സ്കൂളിലെ സഹ്യാദ്രി പരിസ്ഥിതി ക്ലബ്ബുമായി സഹകരിച്ചാണ് തുണി സഞ്ചികൾ വിതരണം ചെയ്തത്. ഭിശേഷിക്കാരായ മക്കളുടെ അമ്മമാർ നിർമ്മിച്ച തുണി സഞ്ചികൾ അധ്യാപകർ, വിദ്യാർഥികൾ, രക്ഷിതാക്കൾ എിവർക്കിടയിൽ വിതരണം ചെയ്തു. ഇതിലൂടെ ലഭിച്ച മുഴുവൻ തുകയും ഭിശേഷിക്കാർക്കിടയിൽ വിതരണം ചെയ്തു.



# റീ ടേക്ക് ലഹരി വിരുദ്ധ സദസ്സ്

ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി യൂണിറ്റിന് കീഴിൽ ലഹരി വിരുദ്ധ സദസ്സ് സംഘടിപ്പിച്ചു മുൻ എക്സൈസ് കമ്മീഷണർ ശ്രീ ഋഷിരാജ് സിംഗ് പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ച് കുട്ടികളുമായി സംവദിച്ചു. ലഹരി വിരുദ്ധ പോരാട്ടത്തിൽ ഉൾക്കാഴ്ച ലഭിക്കുവാനും ആവേശവും കരുത്തും നേടാനും ഈ പരിപാടി സഹായിച്ചു.



# അംഗീകാരങ്ങൾ

# നേട്ടങ്ങൾ

# പദ്ധതികൾ

- Best PTA Award - 2020 സബ് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും , റവന്യൂ ജില്ലയിൽ രണ്ടാം സ്ഥാനവും ലഭിച്ചു.

- Best PTA Award - 2021 സംസ്ഥാനതലത്തിൽ നാലാം സ്ഥാനം.

- നല്ലപാഠം 2019-20 ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം.സ്കൂളിന് 15000 രൂപയും കോ- ഓർഡിനേറ്റർമാർക്ക് 5000 രൂപ വീതവും ലഭിച്ചു.

- നല്ലപാഠം 2021 ജില്ലാ തലത്തിൽ Full A Plus.


2

രണ്ടാം സ്ഥാനം (15,000 രൂപയും ഫലകവും)

ഗവ. ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂൾ, എടത്തനാട്ടുകര

## കൂട്ടായ്മയുടെ നന്മ

- KPSTA ഹരിതവിദ്യാലയം പുരസ്കാരം - സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം.

- **ലഹരി വിരുദ്ധ അവാർഡ്**

മികച്ച ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റിന് കേരള സർക്കാർ ഏർപ്പെടുത്തിയ അവാർഡ് ജി ഒ എച്ച് എസ്

എസ് എടത്തനാട്ടുകരയ്ക്ക് ലഭിച്ചു. മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സ്കൂൾ പ്രതിനിധികൾ തിരുവനന്തപുരത്ത് വച്ച് അവാർഡ് ഏറ്റുവാങ്ങി.



മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ സ്കൂളിനുള്ള സംസ്ഥാനതല പുരസ്കാരം എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ അധികൃതർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് ഏറ്റുവാങ്ങുന്നു.

## ലഹരി വിരുദ്ധ ബോധവൽക്കരണം: എടത്തനാട്ടുകര സ്കൂളിന് പുരസ്കാരം

എടത്തനാട്ടുകര ● മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ സ്കൂളുകൾക്ക് കേരള സർക്കാർ ഏർപ്പെടുത്തിയ അവാർഡുകളിൽ സംസ്ഥാന തലത്തിൽ എടത്തനാട്ടുകര ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഒന്നാം സ്ഥാനം നേടി.

രാജ്യാന്തര മയക്കുമരുന്ന് ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സ്കൂൾ അധികൃതർ പുരസ്കാരം ഏറ്റുവാങ്ങി. വിദ്യാലയത്തിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് യൂണിറ്റിന് കീഴിലുള്ള ലഹരിവിരുദ്ധ ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാർഥികളിലും പൊതുസമൂഹത്തിലും ലഹരിയുടെയും ലഹരിവസ്തുക്കളുടെയും ദൂഷ്യവശങ്ങൾ തുറന്നുകാണിക്കുന്ന സെമിനാറുകൾ, പഠന ക്ലാസുകൾ, ഗൃഹസന്ദർശനങ്ങൾ, വിവിധ മത്സരങ്ങൾ, ലഹരി വിരുദ്ധ ജനകീയ സംഗമങ്ങൾ, വിഡിയോ, ചിത്ര പ്രദർശനങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയതാണ് ഇവരെ ഒന്നാമതാക്കിയത്. ഇവർക്ക് കഴിഞ്ഞ വർഷത്തെ ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ് അവാർഡും ലഭിച്ചിരുന്നു.

പിടിഎ പ്രസിഡന്റ് [illegible], സ്കൗട്ട് മാസ്റ്റർ [illegible], [illegible] ഉണ്ണികൃഷ്ണൻ [illegible], വി. [illegible] എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

- കോവിഡ് കാലത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും എൻ എസ് എസ യൂനിറ്റിലെ വോളണ്ടിയർമാർക്കും പ്രോഗ്രാം ഒഫീസർമാർക്കുമായി ഓൺലൈൻ ആയി സംഘടിപ്പിച്ച മനസ് - സർഗോത്സവത്തിലെ പ്രോഗ്രാം ഒഫീസർമാർക്കുള്ള മത്സര ഇനമായ **നവീന ആശയങ്ങളുടെ അവതരണത്തിന്** സ്കൂളിലെ എൻ എസ് എസ് പ്രോഗ്രാം ഓഫീസർ **വിപിൻ.സി.ജി ക്ക് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.**

**നവീന ആശയങ്ങളുടെ അവതരണം വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക**

- **ഓരോ കുട്ടിക്കും 48000/-രൂപ ലഭിക്കുന്ന ദേശീയ സ്കോളർഷിപ്പ് വിജയികൾ.**

| വർഷം | NMMS നേടിയ കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 17 |
| 2018-19 | 19 |
| 2019-20 | 13 |
| 2021-22 | 15 |

- നിലവിൽ 9 മുതൽ +2 വരെയുള്ള 58 കുട്ടികൾക്ക് NMMS ലഭിക്കുന്നു

- സാമൂഹ്യ പങ്കാളിത്തത്തോടെ ഏറ്റവും കൂടുതൽ NMMS നേടിയ പാലക്കാട് ജില്ലയിലെ തന്നെ ഏക സർക്കാർ വിദ്യാലയം എന്ന ഖ്യാതി നിലനിർത്തുന്നു

- ഈ വർഷം 110 പേരെ ഉൾപ്പെടുത്തി തീവ്ര പരിശീലനം തുടരുന്നു.

- USS പരീക്ഷക്ക് സജ്ജരാക്കുന്നതിനായി പരിശീലന ക്ലാസ്.

## USS സ്കോളർഷിപ് നേടിയവരുടെ വിവരങ്ങൾ

| വർഷം | USS നേടിയ കുട്ടികളുടെ എണ്ണം |
|---|---|
| 2019-20 | 5 |
| 2020-21 | 12 |
| 2021-22 | 8 |
| | |

# കായിക രംഗത്തെ നേട്ടങ്ങൾ

നിലവിലെ ഇന്ത്യൻ ഫുട്ബോൾ താരം V. P. സുഹൈർ,നിലവിലെ ജൂനിയർ ഇന്ത്യൻ ഫുട്ബോൾ താരം തോമസ് ചെറിയാൻ, കേരള സന്തോഷ് ട്രോഫി താരം മുഹമ്മദ് പാറോക്കോട്ടിൽ, ദാമൻ ദിയു സന്തോഷ് ട്രോഫി താരം നിഹാൽ S ഹുസൈൻ, മുൻ SBT താരം V. P. സുനീർ, കേരള പോലീസ് താരം C.ഷാജി, തുടങ്ങി 2021 ൽ നടന്ന KPL  മത്സരങ്ങളിൽ വിവിധ ക്ലബ്ബുകൾക്ക് വേണ്ടി കളിച്ച മുബഷീർ, അൻഷാദ്, ആഷിഖ് ഷഹീർ എന്നിവരും അവസാനമായി നടന്ന സ്കൂൾ തല മത്സരത്തിൽ കേരള ടീമിലേക്ക് സെലെക്ഷൻ ലഭിച്ച പ്ലസ് വൺ വിദ്യാർത്ഥിയായ മിൻഹാജുൽ ഹക്ക് തുടങ്ങി നിരവധി ഫുട്ബോൾ താരങ്ങൾക്ക് ജന്മം നൽകിയ സ്കൂളാണ് GOHS എടത്തനാട്ടുകര.

## കേരള സംസ്ഥാന സുബ്രതോ ഫുട്ബോൾ കപ്പ് ജേതാക്കൾ

2019-20 വർഷം തൃശ്ശൂരിൽ വെച്ച് നടന്ന സംസ്ഥാന സുബ്രതോ കപ്പ് മത്സരത്തിൽ സബ് ജൂനിയർ, ജൂനിയർ വിഭാഗത്തിൽ സ്കൂൾ ടീം മത്സരിക്കുകയും സബ് ജൂനിയർ വിഭാഗത്തിൽ ജേതാക്കളവുകയും ജൂനിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടുകയും ചെയ്തു.

അതിന്റ ഭാഗമായി ഡൽഹിയിൽ വെച്ച് നടന്ന നാഷണൽ സുബ്രതോ കപ്പ് മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് GOHS എടത്തനാട്ടുകര പങ്കെടുത്തു.

## RELIENCE FOOTBALL CUP CHAMPIONS

2019/20 ൽ പാലക്കാടിൽ വെച്ച് നടന്ന ജില്ല മത്സരത്തിൽ ജൂനിയർ, സീനിയർ വിഭാഗത്തിൽ പങ്കെടുക്കുകയും രണ്ട് വിഭാഗത്തിലും ജേതാക്കളാവുകയും ചെയ്തു.

തുടർന്ന് തൃശ്ശൂരിൽ വെച്ച് നടന്ന കോഴിക്കോട് സോണൽ മത്സരത്തിൽ ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ പങ്കെടുക്കുകയും ജൂനിയർ വിഭാഗത്തിൽ ജേതാക്കളവുകയും വിജയികൾക്കുള്ള റിലയൻസ് ട്രോഫിയും .25000/-രൂപ ക്യാഷ് പ്രൈസ് നേടുകയും ചെയ്തു.

ഇതിനെ തുടർന്ന് കോയമ്പത്തൂരിൽ വെച്ച് നടന്ന സൗത്ത് ഇന്ത്യൻ റിലയൻസ് ഫുട്ബോൾ മത്സരത്തിൽ ജേതാക്കളവുകയും നാഷണൽ റിലയൻസ് കപ്പ് ഫുട്ബോൾ മത്സരത്തിലേക്ക് യോഗ്യത നേടുകയും ചെയ്തു.

മുംബൈയിൽ വെച്ച് നടന്ന റിലയൻസ് നാഷണൽ ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുകയും റണ്ണേഴ്സപ്പ് ആവുകയും അതിന്റെ ഭാഗമായി 1 ലക്ഷം രൂപ സമ്മാനമായി നേടുകയും ചെയ്തു.




അതിന്റ ഭാഗമായി ജൂനിയർ ഇന്ത്യൻ ഫുട്ബോൾ ടീമിലേക്ക് GOHS എടത്തനാട്ടുകാരയുടെ തോമസ് ചെറിയാന് സെലെക്ഷൻ ലഭിച്ചു.

ടൂർണമെന്റിലെ മികച്ച ഗോൾ കീപ്പറിനുള്ള ഗോൾഡൻ ഗ്ലൗ പുരസ്കാരം GOHS എടത്തനാട്ടുകാരയുടെ സുഹൈൽ നേടുകയും ചെയ്തു.

2019 ൽ കേരള സ്കൂൾ ടീമിൽ GOHS എടത്തനാട്ടുകര സ്കൂളിൽ നിന്നും ജൂനിയർ കാറ്റഗറിയിൽ മുന്ന റോഷൻ, മുക്താർ, ലിയൻ, ഫിനാസ്, ഷിബിൻ, അതുൽ, അഭി, തോമസ് ചെറിയാൻ എന്നിവർ കേരളത്തിനായി ബൂട്ടുകെട്ടി.
പാലക്കാട് ജില്ല ടീമിനായി മുബഷീർ, അലി ആഷിഖ് എന്നിവരും സെലെക്ഷൻ നേടിയെടുത്തു.

ഇപ്പോൾ GOHS പ്ലസ് വൺ വിദ്യാർത്ഥി മിൻഹാജുൽ ഹക്ക് ജൂനിയർ പാലക്കാട് ജില്ല ഫുട്ബോൾ ടീമിൽ തിരഞ്ഞെടുക്കപ്പെടുകയും **കേരള സംസ്ഥാന ടീമിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു.**

ഈ വർഷം നടന്ന പാലക്കാട് ജില്ലാ അത്‌ലറ്റിക്സ് മത്സരത്തിൽ പ്ലസ് ടു വിദ്യാർത്ഥിയായ മുഹമ്മദ് തൻസീഹ് ഹൈ ജമ്പിൽ രണ്ടാം സ്ഥാനം നേടി സംസ്ഥാന മത്സരത്തിന് യോഗ്യത നേടി.




ഈ വർഷം നടന്ന പാലക്കാട് ജില്ലാ അത്‌ലറ്റിക്സ് മത്സരത്തിൽ പ്ലസ് ടു വിദ്യാർത്ഥിനിയായ ദിയ എം സി ലോങ്ങ് ജമ്പിൽ രണ്ടാം സ്ഥാനംവും ട്രിപ്പിൾ ജമ്പിൽ ഒന്നാം സ്ഥാനവും നേടി സംസ്ഥാന മത്സരത്തിന് യോഗ്യത നേടി.



# അറബിക് കലോത്സവം

## 2019 കാസർഗോഡ് നടന്ന സംസ്ഥാന കലോൽസവം

■റന നസ്റിൻ.പി
അറബിക് പ്രസംഗം എ ഗ്രേഡ് (എച്ച്.എസ്.എസ്)

■റന നസ്റിൻ.പി
അറബിക് ഉപന്യാസം എ ഗ്രേഡ് (എച്ച്.എസ്.എസ്)

■നസ്ഹ ടി.കെ.
അറബിക് ഉപന്യാസം (എച്ച്.എസ്.) എ ഗ്രേഡ്

■നസ്ഹ ടി.കെ.
അറബിക് പ്രസംഗം (എച്ച്.എസ്.) എ ഗ്രേഡ്

■നഹ.സി
അറബിക് പ്രശ്നോത്തരി (എച്ച്.എസ്.) എ ഗ്രേഡ്

- ഹൃദ ഷിനാസ്
  HS അറബി പദ്യം ചൊല്ലൽ A ഗ്രേഡ്
  മാപ്പിള പാട്ട് A ഗ്രേഡ്

## അലിഫ് ക്ലബ് സ്റ്റേറ്റ് ലെവൽ

2019
നഹ.സി എ ഗ്രേഡ് തേർഡ്

2020
നസ്ഹ ടി.കെ. സെക്കന്റ് എ ഗ്രേഡ്

2022
റിഷ എൻ. ഫസ്റ്റ് എ ഗ്രേഡ്


ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര
2019-20 സംസ്ഥാന കലോത്സവ വിജയികൾ
നുസ്ഹ.ടി.കെ
നുഹ. സി
ബിൻഷ.പി
അശ്വതി.പി.വി
അഭിനന്ദനങ്ങൾ
PTA & STAFF


ജി.ഒ.എച്ച്.എസ്.എസ് എടത്തനാട്ടുകര
2019-20 സംസ്ഥാന ശാസ്ത്രോത്സവ വിജയികൾ
അഭിനന്ദനങ്ങൾ
PTA & STAFF

# അക്ഷരത്തിളക്കം

കോവിഡ് കാലത്തെ പഠന വിടവ് നികത്താൻ വേണ്ടി ആരംഭിച്ച സ്കൂളിന്റെ തനതു പദ്ധതിയാണ് അക്ഷരത്തിളക്കം . എല്ലാ കുട്ടികൾക്കും പ്രി ടെസ്റ്റ് നടത്തി 75 കുട്ടികളെ തെരെഞ്ഞെടുത്ത് മൂ ബാച്ചുകളാക്കി (രാവിലെ , ഉച്ചയ്ക്ക് , വൈകുരേം ) എന്നീ സമയങ്ങളിൽ ചിട്ടയായ പരിശീലനം നടത്തി. ഇതിൽ നിന്നും പഠന പുരോഗതി കൈവരിച്ച കുട്ടികൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ നൽകി ക്ലാസ് ടീച്ചേഴ്സ് മോണിറ്റർ ചെയ്യുകയും ബാക്കിയുള്ള 30 കുട്ടികൾക്ക് ഉച്ച സമയത്ത് പരിശീലനം നൽകി വരുന്നു.

# സ്വീറ്റ് ഇംഗ്ലീഷ് പദ്ധതി

വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പഠനം എളുപ്പമുള്ളതാക്കുക, ഇംഗ്ലീഷ് പഠനം കൂറ്റതൽ ജീവസ്സുറ്റതാക്കുക എ്നീ ലക്ഷ്യങ്ങളോടെ യു.പി.വിഭാഗം ഇംഗ്ലീഷ് ക്ലബ്ബിനു കീഴിൽ ആരംഭിച്ച പദ്ധതിയാണ് സ്വീറ്റ് ഇംഗ്ലീഷ് പദ്ധതി.

യു.പി.വിഭാഗം അധ്യാപകരുടെ നേതൃത്വത്തിൽ ഇതിനായി കൈപുസ്തകം രചിക്കുകയും അത് വെച്ച് വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനങ്ങൾ നൽകുകയും ചെയ്യുന്നു.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വെച്ച് പ്രധാനാധ്യാപകൻ എൻ. അബ്ദുസർ സ്വീറ്റ് ഇംഗ്ലീഷ് കൈപുസ്തകം പ്രകാശനം ചെയ്തു.

# സ്പെഷ്യൽ കെയർ സെന്റർ

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക്** അധിക പിന്തുണ നൽകുക എന്ന ലക്ഷ്യമിട്ട് 2021 ജനുവരിയിൽ സ്പെഷ്യൽ കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു. ശനിയാഴ്ചകളിൽ ഈ വിദ്യാലയത്തിലെയും ഫീഡർ സ്കൂളുകളി ലെയും കുട്ടികളെ ഉൾപ്പെടുത്തിയാണ് കേന്ദ്രത്തിൽ പാഠ്യ പാഠയതര പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകി വരുന്നത്. വിദ്യാലയത്തിലെ റിസോഴ്സ് റൂം പ്രയോജനപ്പെടുത്തിക്കൊണ്ട് സ്പെഷൽ എഡ്യൂക്കേറ്ററുടെ നേതൃത്വത്തിൽ നിശ്ചിത എണ്ണം വിഭാഗം തിരിച്ച് കുട്ടികൾക്ക് അധിക പിന്തുണ നൽകിവരുന്നു നൽകി വരുന്നു.







# ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

സ്കൂളിൽ സ്ഥിരമായി വരാൻ സാധിക്കാത്ത കുട്ടികൾക്ക് ബുധനാഴ്ചകളിൽ വിദ്യാലയത്തിലെ സ്പെഷ്യൽ എജ്യുക്കേറ്ററും നിശ്ചിത ഇടവേളകളിൽ വിഷയ അധ്യാപകരും വീട്ടിലെത്തി പഠനത്തിൽ സഹായിച്ചു വരുന്നു. വ്യക്തിഗത വിദ്യാഭ്യാസവും പാഠപുസ്തകം അടിസ്ഥാനമാക്കിയുള്ള പഠന പ്രവർത്തനങ്ങളും കുട്ടികളിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സഹായിക്കുന്നു.



# സിവിൽ സർവീസ് സ്വപ്നങ്ങൾക്ക് അടിത്തറ പാകാൻ STEPS

വളർന്നുവരുന്ന നമ്മുടെ മക്കളെ സിവിൽ സർവീസ് എന്ന മഹത്തായ ലക്ഷ്യം പൂവണിയിക്കാൻ വിദ്യാലയം നടപ്പിലാക്കുന്ന ഏറ്റവും ശ്രദ്ധേയമായ തനത് മുന്നൊരുക്കമാണ് STEPS അഥവാ. (students talents empowerment scheme).

യൂ. പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്ന് പ്രത്യേക വിഷയങ്ങളിൽ അഭിരുചി പരീക്ഷ നടത്തി **40 വീതം** കുട്ടികളെ കണ്ടെത്തി. പ്രസ്തുത കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരു ബോധവൽക്കരണ സെഷൻ സംഘടിപ്പിച്ചു.

ഈ ബാച്ചുകളുടെ ഉദ്ഘാടനം 02- 08-2019 10 മണിക്ക് ബഹുമാനപ്പെട്ട മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ഒ പി ശരീഫ് നിർവഹിച്ചു.
അട്ടപ്പാടി ഗവൺമെന്റ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ അബ്ദുറഹിമാൻ ആലങ്ങാടൻ ബോധവൽക്കരണ ക്ലാസ് നടത്തി.

2019 ഒക്ടോബർ 3 മുതൽ 2020 ഫെബ്രുവരി 22 വരെ. ഓരോ ആഴ്ചയിലും ക്ലാസുകൾ നടന്നു
ഓൺലൈൻ പഠനകാലത്ത് ഓരോ ദിവസവും വ്യത്യസ്ത വിഷയങ്ങളിൽ ഓരോ പാഠഭാഗങ്ങൾ നൽകി അന്നുതന്നെ പത്തു ചോദ്യങ്ങൾ ഗൂഗിൾ ഫോമിലൂടെ നൽകി ക്ലാസുകളുടെ തുടർച്ച നടത്തി. സ്കൂൾ തുറന്നതിനു ശേഷം എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രണ്ടുമണിമുതൽ 4 15 വരെ വ്യത്യസ്ത വിഷയങ്ങളിൽ വിദഗ്ധരായ അധ്യാപകരുടെ ക്ലാസുകളും
4 15 മുതൽ 5 മണി വരെ OMR മാതൃകയിലുള്ള പരീക്ഷയും നടത്തുന്നു
ഓരോ ദിവസത്തെയും പരീക്ഷയിൽ ക്ലാസുകളിൽ എടുത്ത അതാത് പാഠഭാഗങ്ങളും പ്രസ്തുത ആഴ്ചയിലെ ആനുകാലിക സംഭവ വികാസങ്ങളും യുക്തിചിന്തയും മാനസികശേഷിയും പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും ഉൾപ്പെടുത്തുന്നു.
കുട്ടികളിൽ മത്സരബുദ്ധിയും താല്പര്യവും വർദ്ധിപ്പിക്കുന്നതിനായി സ്റ്റാർ ഓഫ് ദ വീക്ക് പുരസ്കാരവും ഓരോ മാസവും നൽകപ്പെടുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തി സ്റ്റാർ ഓഫ് ദി മന്ത് പുരസ്കാരവും നൽകുന്നു.

ഓരോ പ്രത്യേക ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങളിലും മറ്റു അധ്യാപക സംഘടനകളും പൊതു സ്ഥാപനങ്ങളും നടത്തുന്ന ക്വിസ്

മത്സരങ്ങളിലും സ്റ്റെപ്പ്സ് ക്ലാസിലെ വിദ്യാർത്ഥികൾ നിരന്തരം ഉന്നത സ്ഥാനങ്ങൾ കൈവരിച്ചിട്ടുണ്ട്.

സ്റ്റെപ്പ്സിൽ അംഗമായ മുഹമ്മദ്റയാൻ.പി എന്ന വിദ്യാർത്ഥി ദേശാഭിമാനി അക്ഷരമുറ്റം ക്വിസ്സിൽ സംസ്ഥാനതലത്തിൽ

UP യുപി വിഭാഗത്തിൽ ഉന്നത വിജയവും

ക്യാഷ് അവാർഡും

കെ പി എസ് ടി എ നടത്തിയ സ്വദേശി സ്വദേശ് ക്വിസ്സിൽ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും ക്യാഷ് അവാർഡും നേടി.

ഇത്തരത്തിൽ വിവിധ ക്വിസ് മത്സരങ്ങളിലും എഴുത്ത് പരീക്ഷകളിലും ഉന്നത വിജയങ്ങൾ നേടുന്നതിന് സ്റ്റെപ്പ്സ് വഹിക്കുന്ന പങ്ക് ഏറ്റവും ശ്ലാ ഗനീയമാണെന്ന് മുഴുവൻ രക്ഷിതാക്കളും സിപിടി എ കളിലും ജനറൽ ബോർഡികളിലും അഭിപ്രായപ്പെടാറുണ്ട്

ഓരോ ദിവസത്തെയും പരീക്ഷകളിൽ അപ്പപ്പോൾ ടോപ്പ്സ്കോറർമാർ ആകുന്ന കുട്ടികൾക്ക്

അപ്പോൾ ലഭ്യമായ ജനപ്രതിനിധികളെയും പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങളെയും ഉൾപ്പെടുത്തി അനുമോദനങ്ങൾ നൽകി വരുന്നു.

ഇതിനും പുറമേ വർഷങ്ങളായി

ദേശീയതല എൻ.എം. എം. എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ പാലക്കാട് ജില്ലയിൽ നമ്മുടെ സ്കൂളിന് ഗവൺമെന്റ് സ്കൂൾ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നതിന് സ്റ്റെപ്പ്സ് വളരെ നിർണ്ണായകമായ പിന്തുണ നൽകുന്നുവെന്ന് രക്ഷിതാക്കൾ ഒന്നടങ്കം വിലയിരുത്തുന്നു





നിലവിൽ യുപി ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 80 വിദ്യാർഥികൾ സ്റ്റെപ്സിൽ അംഗങ്ങളാണ്.

തങ്ങളുടെ സ്വപ്നസാക്ഷാത്കാരമായ സിവിൽ സർവീസ് നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും അകമഴിഞ്ഞ പിന്തുണയും സഹകരണവും വിലപ്പെട്ട നിർദ്ദേശങ്ങളും STEPS ന് എന്നും പ്രചോദനമേകുന്നു.

# MATHS CLINIC

കുട്ടികൾക്ക് ഗണിതവുമായി ബന്ധപ്പെട്ട സംശയങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ വെള്ളിയാഴ്ചകളിലും മാത്സ് ക്ലിനിക് നടന്നുവരുന്നു.കുട്ടികൾക്ക് അവരുടെ പാഠഭാഗയുമായി ബന്ധപ്പെട്ട സംശയങ്ങൾ അധ്യാപകരുടെ സഹായത്തോടെ പരിഹരിക്കുന്നു.



# ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ

1. 2021 സെപ്റ്റംബർ പോഷൻ മാസമായി ആചരിക്കുന്നതിന്റെഭാഗമായി വിദ്യാർത്ഥികളും പോഷകാഹാരവുംഎന്ന് വിഷയത്തിൽ സെമിനാർ : ശ്രീമതി. സുവർണ മോഹൻ (Nutritian & Research Asst. Agri. uty. Trisur ) പങ്കെടുത്തു
2. ബാലമിത്ര : കുഷ്ഠരോഗ നിർണയപരിശീലന ക്ലാസുകൾ
3. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും നീന്തൽ പരിശീലനം.
4. ഹെൽത്ത് ക്ലബ്ബിലെ കുട്ടികളിൽ നിന്നും പാലിയേറ്റീവ് കെയർ ടീം
5. കുട്ടികൾ തുന്നി ഉണ്ടാക്കിയ കോട്ടൺ സാനിറ്ററി പാഡുകൾ
6. 30/11/22 ന് CHC അലനല്ലൂരിന്റെ സഹകരണത്തോടെഹെൽത്ത് ചെക്കപ്പ് ,ബി എം ഐ പരിശോധന,ഹീമോഗ്ലോബിൻ ചെക്കപ്പ് ,കൗൺസിലിംഗ്
7. എല്ലാ മാസവും കൗമാരക്കാർക്കുള്ള പ്രത്യേക കൗൺസിലിംഗ്

**വീഡിയോ കാണുന്നതിനായി ഇവിടെ ക്ലിക്ക് ചെയ്യുക**





# എസ് പി സി പ്രവർത്തന റിപ്പോർട്ട് 2020-2022

=======================

2020-21 അധ്യയന വർഷത്തിലാണ് ഈ വിദ്യാലയത്തിന് SPC പ്രൊജക്റ്റ് അനുവദിച്ചു കിട്ടുന്നത്. ആ വർഷം തന്നെ കോവിഡ് മഹാമാരിയുടെ വ്യാപനവും സ്കൂളുകൾ അടച്ചിടുന്ന സാഹചര്യവും ഉണ്ടായതോടെ പുതുതായി ലഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തന്നെ പറ്റാതെയായി. തുടക്കത്തിൽ തന്നെ ഓൺലൈൻ ക്ലാസുകളിലൂടെ കേഡറ്റ്സിനെ പരിശീലിപ്പിക്കേണ്ട വളരെ ദൗർഭാഗ്യകരമായ സാഹചര്യമാണ് ഉണ്ടായത്. എങ്കിലും ആദ്യ ബാച്ച് അതിന്റെ എല്ലാ പോരായ്മകളെയും അതിജീവിച്ച് ജില്ലയിലെ തന്നെ മികച്ച പാസിങ് ഔട്ട് പരേഡ് കാഴ്ചവെച്ച് പരിശീലനം പൂർത്തീകരിച്ചത് വളരെ അഭിമാനകരമായ മുഹൂർത്തമാണ് സമ്മാനിച്ചത്.

വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക https://youtu.be/tcUtMTp8UFc







## ഒരു വയറൂട്ടാം

വിദ്യാലയങ്ങൾ അടഞ്ഞുകിടന്ന കോവിഡ് മഹാമാരി കാലത്ത് ഈ വിദ്യാലയത്തിലെ SPC കേഡറ്റുകൾ, സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ "ഒരു വയറൂട്ടാം" പ്രോജക്റ്റിന്റെ ഭാഗമായി ഓരോ കേഡറ്റ്സിന്റെയും വീടിനടുത്തുള്ള അശരണർക്ക് ഭക്ഷണപ്പൊതികൾ എത്തിച്ചും ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തും നാട്ടിലെ കണ്ണിലുണ്ണികളായി മാറി.





## സമൂഹ പങ്കാളിത്തത്തോടെ ജൈവകൃഷി

കോവിഡ് കാലത്തുതന്നെ വിദ്യാലയത്തിന്റെ പുറകിലായി എടത്തനാട്ടുകര ദാറുസ്സലാം ജുമാ മസ്ജിദ് കമ്മിറ്റി കൃഷി ചെയ്യാൻ അനുവദിച്ചു നൽകിയ അര ഏക്കർ സ്ഥലത്ത് കേഡറ്റുകൾ ഗാർഡിയൻ SPC യുടെ സഹകരണത്തോടെ ജൈവകൃഷി നടത്തുകയും, വിളവെടുപ്പിൽ നിന്നും ലഭിച്ച ലാഭം സ്കൂളിലെ തന്നെ സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റിന്റെ സ്നേഹ ഭവനം പദ്ധതിയിലേക്ക് സംഭാവന ചെയ്യുകയും ചെയ്തു.













## ഫ്രണ്ട്സ് അറ്റ് ഹോം

ടാബ് ചലഞ്ച്, റീചാർജ് ചലഞ്ച് എന്നിവയിലൂടെ ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന സഹപാഠികൾക്ക് താങ്ങാവാൻ സ്കൂളിലെ എസ് പി സി യൂണിറ്റിന് കഴിഞ്ഞു. ഫ്രണ്ട്സ് അറ്റ് ഹോം പദ്ധതിയുടെ ഭാഗമായി സ്കൂളിലെ തന്നെ ഭിന്നശേഷി കൂട്ടുകാർക്ക് ഓണപ്പുടവകളും പഠന കിറ്റുകളും അവരുടെ വീടുകളിൽ എത്തി വിതരണം ചെയ്തു



# ചേർത്തു പിടിക്കാം

കുട്ടികളിൽ സഹജീവി സ്നേഹം, അനുകമ്പ എന്നീ ഗുണങ്ങൾ വളർത്തുന്നതിന്റെ ഭാഗമായി, പാണ്ടിക്കാട് സൽവ കെയർ ഹോം എന്ന വൃദ്ധസദനത്തിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുകയും അവിടുത്തെ അന്തേവാസികളോട് ഒന്നിച്ച് ഭക്ഷണം കഴിച്ച് കലാപരിപാടികൾ അവതരിപ്പിച്ച് മണിക്കൂറുകളോളം ചെലവഴിക്കുകയും ചെയ്തത് കേഡറ്റുകൾക്ക് വേറിട്ട ഒരു അനുഭവമായി.









വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക

https://youtu.be/HEZn9_3aL0Y

# അവധിക്കാല ക്യാമ്പുകൾ

SPC പദ്ധതി ഈ വിദ്യാലയത്തിൽ ആരംഭിച്ചത് മുതൽ എല്ലാ അവധിക്കാല ക്യാമ്പുകളും വളരെ മുന്നൊരുക്കത്തോടെ കേഡറ്റുകൾക്ക് ആസ്വാദ്യകരമായ രീതിയിൽ ഭംഗിയായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ ക്യാമ്പുകളുടെ വിജയത്തിൽ ഗാർഡിയൻ SPC യുടെയും രക്ഷിതാക്കളുടെയും സഹായ സഹകരണങ്ങൾ എടുത്തു പറയേണ്ട ഒന്നുതന്നെയാണ്.











വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക

https://youtu.be/2d_Dc0fZLao

https://youtu.be/1GKhPkOzqBU

# നാച്ചുർ ക്യാമ്പുകൾ

വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം വളർത്തുക എന്ന SPC ലക്ഷ്യം മുൻനിർത്തി സംസ്ഥാന വനം വകുപ്പിന്റെ നടന്ന ക്യാമ്പുകളിൽ പങ്കെടുക്കുകയുണ്ടായി





വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക [https://youtu.be/Pi-qYg3XHxE](https://youtu.be/Pi-qYg3XHxE)

## S P C AGAINST ADDICTION

**വേറിട്ട ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കൊണ്ട് ശ്രദ്ധേയമാണ് ഈ വിദ്യാലയത്തിലെ എല്ലാ സന്നദ്ധ സംഘടനകളും. ഫ്ലാഷ് മോബ്, mime, പൊതുജന പങ്കാളിത്തത്തോടുകൂടിയുള്ള റാലികൾ എന്നിവ അവയിൽ ചിലത് മാത്രം**





ലഹരിക്കെതിരെ ജനജാഗ്രതാ സദസ്സ് നടത്തി



SPC പദ്ധതി ഈ വിദ്യാലയത്തിൽ വന്നതിനുശേഷം നടന്ന സ്വാതന്ത്ര്യ ദിന / റിപ്പബ്ലിക് ദിന ആഘോഷ പരിപാടികൾ, പ്രത്യേകിച്ച് SPC കേഡറ്റുകളുടെ നേതൃത്വത്തിൽ നടക്കുന്ന പരേഡ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന കൊച്ചു ഗ്രാമവാസികൾക്ക് വേറിട്ട കാഴ്ചകൾ സമ്മാനിക്കുന്നതായി. ചുരുക്കത്തിൽ SPC പ്രോജക്റ്റ് ഈ വിദ്യാലയത്തിന്റെയും ഈ നാടിന്റെയും മുഖച്ഛായ തന്നെ മാറ്റിമറിച്ചിട്ടുണ്ടെന്ന് നിസംശയം പറയാം .





വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക

https://youtu.be/yMY0MGdR-MM https://youtu.be/Yt1h-cfLY2M

# കരാട്ടെ പരിശീലനം









## Parade & P T

വീഡിയോ കാണാൻ ഇവിടെ ക്ലിക്ക് ചെയ്യുക https://youtu.be/NbWqI2EA-CY






ROAD WALK & RUN





നാടക ശില്പശാല




# LITLE KITES

## വിദ്യാകിരണം പരിശീലനം

വിദ്യാകിരണം പദ്ധതിയിലൂടെ സ്കൂളിൽ ഗോത്രവർഗ വിദ്യാർത്ഥികൾക്ക് ലഭിച്ച ലാപ്ടോപ്പുകൾ സ്കൂൾ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങൾ കുട്ടികൾക്കു എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് പരിശീലനം നൽകി .







/home/gohs-8h/Desktop/lk haritham/1/vdo2.mp4

/home/gohs-8h/Desktop/lk haritham/1/vdo 1.mp4

# ഭിന്നശേഷിക്കാർക്കുള്ള പരിശീലനം

സ്കൂളിൽ പത്താം ക്ലാസിൽ പരീക്ഷാനുകൂല്യങ്ങളോടെ പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഐ.ടി. പരീക്ഷാ പാഠഭാഗവുമായി ബന്ധപ്പെട്ട് ഐ.സി.ടി പരിശീലനം നൽകി.





/home/gohs-8h/Desktop/lk haritham/2/VID-20221124-WA0056.mp4

/home/gohs-8h/Desktop/lk haritham/2/VID-20221125-WA0111.mp4

# അമ്മ അറിയാൻ

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ മുണ്ടക്കുന്നു അങ്കണവാടി ഓഡിറ്റോറിയത്തിൽ വെച്ച് 'സൈബർ ലോകത്തെ സുരക്ഷിതജീവിതം' എന്ന വിഷയത്തിൽ അമ്മമാർക്കായി ബോധവത്കരണ പരിപാടി നടത്തി.










/home/gohs-8h/Desktop/lk haritham/3/IMG-20221103-WA0341.jpg

/home/gohs-8h/Desktop/lk haritham/3/IMG-20221103-WA0343.jpg

/home/gohs-8h/Desktop/lk haritham/3/IMG-20221103-WA0345.jpg

/home/gohs-8h/Desktop/lk haritham/3/VID-20221103-WA0237.mp4

# ലഹരിവിരുദ്ധ മൂകാഭിനയം

എടത്തനാട്ടുകര ഗവ.ഓറിയന്റൽ ഹൈസ്കൂൾ നേതൃത്വത്തിലുള്ള ജനകീയ സമിതിയുടെ ലഹരിവിരുദ്ധ മനുഷ്യ ശൃംഖലയുടെ ഭാഗമായി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ. വട്ടമണ്ണപ്പുറം ഐ.ടി. സി. മുതൽ കോട്ടപ്പള്ള വരെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ റാലി സംഘടിപ്പിച്ചു.കോട്ടപ്പള്ള സെന്ററിൽ നടന്ന ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ മൂകാഭിനയം ശ്രദ്ധേയമായി.

/home/gohs-8h/Desktop/lk haritham/4/00409.Mp4

/home/gohs-8h/Desktop/lk haritham/4/00416.Mp4

/home/gohs-8h/Desktop/lk haritham/4/VID-20221102-WA0421.mp4



# GOHSS EDATHANATTUKARA – DETAILS OF SPONSORS

| Sl. No | ITEM | SPONSORS | AMOUNT |
|---|---|---|---|
| 1 | Nss Notice Board | 1988-89 Sslc Batch | 5000.00 |
| 2 | Scout & Guides Notice Board | 1997-98 Plus Two Batch | 4000.00 |
| 3 | Hss Office Notice Borad | 2007-08  10c Class | 5000.00 |
| 4 | Library Box - Hss | Ishal Bakes | 3000.00 |
| 5 | Library Box - Hss | 2005-06 Sslc Batch | 3000.00 |
| 6 | Library Box - Hss | 2005-06 Sslc Batch | 3000.00 |
| 7 | Library Box - Hss | 2005-06 Sslc Batch | 3000.00 |
| 8 | Library Box - Hss | Deal Academy | 3000.00 |
| 9 | Library Box - Hss | Poothani Naseer Babu | 3000.00 |
| 10 | Library Box - Hss | Rareeram Beds & Furniture | 3000.00 |
| 11 | Library Box - Hss | 2007-08  10e Class | 3000.00 |
| 12 | Library Box - Hss | Anshiya | 3000.00 |
| 13 | Library Box - Hss | Rareeram Beds & Furniture | 2500.00 |
| 14 | Library Box – Up & Hs 40No.S | PUBLIC CONTRIBUTION | 158225.00 |
| 15 | Class Room Sound system-HS | PUBLIC CONTRIBUTION | 107050.00 |
| 16 | Steel Wash Basin | PUBLIC CONTRIBUTION | 64000.00 |
| 17 | Sound system HS | By parents | 33000.00 |
| 18 | Auditorium Sound System | Jeewa | 60000.00 |
| 19 | Auditorium Vip Chair | Jeewa | 15000.00 |
| 20 | Auditorium Speaching Table | 1990-91 Sslc Batch | 10000.00 |
| 21 | Auditorium Teapoy | 1995-96 Sslc Batch | 7000.00 |
| 22 | Auditorium Back Curtain | 2008-10 +2 Commerce Batch | 13000.00 |
| 23 | Notice Board Spc | 1998-99 10d Class | 5000.00 |
| 24 | Steps Notice Board | 2000-01 10a Class | 4500.00 |
| 25 | Water Purifier System | 1977-78 SSLC Batch | 23500.00 |
| 26 | Water Purifier System | 1999-2011 Plus Two Batch | 25000.00 |
| 27 | IEDC Vimanayathra | JEEWA | 30000.00 |
| 28 | IEDC Vimanayathra | Baby Anilkumar | 25000.00 |
| 29 | IEDC Vimanayathra | 1996-97 SSLC Batch | 10500.00 |
| 30 | IEDC Vimanayathra | Co-op Degree Batch | 16000.00 |

| Sl. No | ITEM | SPONSORS | AMOUNT |
|---|---|---|---|
| 31 | IEDC Vimanayathra | Jayan Alanalloor | 2000.00 |
| 32 | IEDC Vimanayathra | Noushad Puthankott | 3500.00 |
| 33 | IEDC Vimanayathra | Sufiyan | 3500.00 |
| 34 | Hi-Tech Room | Sslc Batch 1989-90 | 40000.00 |
| 35 | Hi-Tech Room | Sslc Batch 1990-91 | 40000.00 |
| 36 | Hi-Tech Room | Sslc Batch 1994-95 | 40000.00 |
| 37 | Hi-Tech Room | Sslc Batch 1995-96 | 43500.00 |
| 38 | Hi-Tech Room | Sslc Batch 1996-97 | 40000.00 |
| 39 | Hi-Tech Room | Sslc Batch 1997-98 | 40500.00 |
| 40 | Hi-Tech Room | Sslc Batch 1998-99 | 50000.00 |
| 41 | Hi-Tech Room | Sslc 1998-99 10d Class | 40000.00 |
| 42 | Hi-Tech Room | Sslc Batch 1999-2000 | 40000.00 |
| 43 | CCTV – HS | Sslc Batch 2001-02 | 40000.00 |
| 44 | Hi-Tech Room | Sslc Batch 2006-07 | 40000.00 |
| 45 | Hi-Tech Room | C N Ahammed Moulavi Memorial | 40000.00 |
| 46 | Hi-Tech Room | Parokkod Kuttippa Mhaji Memorial | 40000.00 |
| 47 | Hi-Tech Room | Parokkod Ummer Haji Memorial | 40000.00 |
| 48 | Hi-Tech Room | Parokkod Bakker Haji Memorial | 40000.00 |
| 49 | Hi-Tech Room | Madathodi Bus Us Haji Memorial | 40000.00 |
| 50 | Hi-Tech Room | Parokkod Mammed Elappa Memorial | 80000.00 |
| 51 | Hi-Tech Room | Parokkod Mammunni Haji Memorial | 40000.00 |
| 52 | Hi-Tech Room | Parokkod Abdul Gafoofr Haji Memorial | 40000.00 |
| 53 | Hi-Tech Room | Kappungal Mammunni Haji Memorial | 40000.00 |
| 54 | Hi-Tech Room | Madathodi Ahammeduppa Haji Memorial | 40000.00 |
| 55 | Hi-Tech Room | Parokkod Ummer Koya Memorial | 40000.00 |
| 56 | Hi-Tech Room | C P Ummer Haji Memorial | 40000.00 |
| 57 | Hi-Tech Room | T P Koyanni Haji Memorial | 40000.00 |
| 58 | Hi-Tech Room | Kanjirathil Moideen Memorial | 40000.00 |
| 59 | Hi-Tech Room | T P Aboobakker Haji Memorial | 40000.00 |
| 60 | Hi-Tech Room | Thayyil Kunjimoydu Haji Memorial | 40000.00 |

| Sl. No | ITEM | SPONSORS | AMOUNT |
|---|---|---|---|
| 61 | Hi-Tech Room | P Nafesa Teacher Memorial | 40000.00 |
| 62 | Hi-Tech Room | Thonikkadavan Khadeeja Memorial | 40000.00 |
| 63 | Hi-Tech Room | Attakkara Narayanan Mastrr Memorial | 40000.00 |
| 64 | Hi-Tech Room | Thorakkattil Moidunni Haji Memorial | 40000.00 |
| 65 | Hi-Tech Room | Cn Abdurahiman Master Memorial | 40000.00 |
| 66 | Hi-Tech Room | Valavath Achuthan Master Memorial | 40000.00 |
| 67 | Hi-Tech Room | Koottampara Mammootti Sahib Memorial | 40000.00 |
| 68 | Hi-Tech Room | Muthukutti Abu Memorial | 40000.00 |
| 69 | Hi-Tech Room | Madambara Fathima Memorial | 40000.00 |
| 70 | Hi-Tech Room | Padukundil Family | 40000.00 |
| 71 | Hi-Tech Room | Veluthedath Mammu Memorial | 40000.00 |
| 72 | Hi-Tech Room | Paduvambadan Nafeesa Memorial | 40000.00 |
| 73 | Hi-Tech Room | KSSPU | 25000.00 |
| 74 | Hi-Tech Room | Pampottil Damodaran | 40000.00 |
| 75 | Hi-Tech Room | Uae Pravasi | 52000.00 |
| 76 | Hi-Tech Room | Eazy Purchase | 40000.00 |
| 77 | Hi-Tech Room | REECO | 40000.00 |
| 78 | Hi-Tech Room | Chalava Pravasi | 40000.00 |
| 79 | Hi-Tech Room | Challengers Arts & Sports Club | 75000.00 |
| 80 | Hi-Tech Room | JEEWA | 40000.00 |
| 81 | Hi-Tech Room | KVVES | 40000.00 |
| 82 | Hi-Tech Room | Shine Arts & Sports Club | 40000.00 |
| 83 | Hi-Tech Room | Padinjareppalla Muhammed Kutti Haji Memorial | 40000.00 |
| 84 | Hi-Tech Room | Alikkal Kuttiraman Nair Memorial | 40000.00 |
| 85 | Tab Challenge | JEEWA | 10000.00 |
| 86 | Tab Challenge | Vanitha Bank | 9000.00 |
| 87 | Tab Challenge | 1995-96 Sslc Batch | 8150.00 |
| 88 | Tab Challenge | Co-op Bank | 10000.00 |
| 89 | Tab Challenge | Alfas | 8500.00 |
| 90 | Tab Challenge | First SSLC Batch | 8500.00 |
| 91 | Tab Challenge | Yuvabhavana | 8255.00 |
| 92 | Tab Challenge | 1990-91 Sslc Batch | 8050.00 |
| **TOTAL** | | | **2855730.00** |

LINKS OF VARIOUS SOCIAL MEDIA ACCOUNTS OF SCHOOL

## School Face book Page

https://www.facebook.com/

## School You Tube Channel

https://youtube.com/channel/

## NSS Face Book Page

https://fb.watch/h4F68O50MC/

## NSS Instagram

https://instagram.com/

## NSS You Tube Channel

https://youtube.com/@

## SPC You Tube Channel

https://youtube.com/@